ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# ഊർജ്ജ സംരക്ഷണ ആക്റ്റ്, 2001

## (2001-ലെ 52-ാം നമ്പർ ആക്റ്റ്)

(2006 ഡിസംബർ 14-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE ENERGY CONSERVATION ACT, 2001

## (ACT No. 52 OF 2001)

(As on 14th December, 2006)

വില : രൂപ 75.00

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
2008

## ആമുഖം

2006 ഡിസംബർ 14-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ഊർജ്ജ സംരക്ഷണ ആക്റ്റ്, 2001 (2001-ലെ 52-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2007 ഫെബ്രുവരി 7-ാം തീയതിയിലെ കേന്ദ്ര അസാധാരണ ഗസറ്റ് XI-ാം ഭാഗം, 1-ാം വകുപ്പ്, 1-ാം വാല്യം, 2-ാം നമ്പരായി 30 മുതൽ 58 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയപ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. കെ. എൻ. ചതുർവേദി,
ഭാരത സർക്കാരിന്റെ സെക്രട്ടറി.

## PREFACE

This Edition of the Energy Conservation Act, 2001 (Act No. 52 of 2001) as on 14th December, 2006 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, section 1, Vol. 1, No. 2 dated 7th February, 2007 on pages 30 to 58.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. K. N. CHATURVEDI,
*Secretary to the Government of India.*

3/1537/2007/DTP.

# ഊർജ്ജ സംരക്ഷണ ആക്റ്റ്, 2001

(2001-ലെ 52-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം


അദ്ധ്യായം I

പ്രാരംഭികം

*വകുപ്പുകൾ* *പേജ്*

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും 1
2. നിർവ്വചനങ്ങൾ 1

അദ്ധ്യായം II

ഊർജ്ജ കാര്യക്ഷമതാ ബ്യൂറോ

3. കാര്യക്ഷമതാ ബ്യൂറോയുടെ ഏകാംഗീകരണവും സ്ഥാപിക്കലും 3
4. ബ്യൂറോയുടെ നടത്തിപ്പ് 3
5. ഭരണസമിതിയുടെ യോഗങ്ങൾ 5
6. ഒഴിവുകൾ മുതലായവ ബ്യൂറോയുടെയോ ഭരണസമിതിയുടെയോ അല്ലെങ്കിൽ കമ്മിറ്റിയുടെയോ നടപടികളെ അസാധുവാക്കുന്നതല്ലെന്ന് 5
7. അംഗത്തിനെ ആഫീസിൽ നിന്നും നീക്കം ചെയ്യൽ 5
8. ഉപദേശക സമിതികളുടെയും മറ്റ് സമിതികളുടെയും രൂപീകരണം 6
9. ബ്യൂറോയുടെ ഡയറക്ടർ-ജനറൽ 6
10. ബ്യൂറോയുടെ ആഫീസർമാരും ജീവനക്കാരും 6
11. ബ്യൂറോയുടെ ഉത്തരവുകളുടെയും തീരുമാനങ്ങളുടെയും പ്രമാണീകരിക്കൽ 6

അദ്ധ്യായം III

ഊർജ്ജ മാനേജ്മെന്റ് സെന്ററിന്റെ ആസ്തികൾ, ബാദ്ധ്യതകൾ മുതലായവ ബ്യൂറോയ്ക്ക് കൈമാറൽ

12. ഊർജ്ജ മാനേജ്മെന്റ് സെന്ററിന്റെ ആസ്തികളുടെയും ബാദ്ധ്യതകളുടെയും ജീവനക്കാരുടെയും കൈമാറ്റം 7

അദ്ധ്യായം IV

ബ്യൂറോയുടെ അധികാരങ്ങളും ചുമതലകളും

13. ബ്യൂറോയുടെ അധികാരങ്ങളും ചുമതലകളും 8

അദ്ധ്യായം V

ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗവും അതിന്റെ സംരക്ഷണവും സുഗമമാക്കുന്നതിനും നടപ്പിലാക്കുന്നതിനും ഉള്ള കേന്ദ്ര സർക്കാരിന്റെ അധികാരം

14. ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗവും അതിന്റെ സംരക്ഷണവും സുഗമമാക്കുന്നതിനും നടപ്പിലാക്കുന്നതിനും ഉള്ള കേന്ദ്ര സർക്കാരിന്റെ അധികാരം 9

അദ്ധ്യായം VI

## ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗവും അതിന്റെ സംരക്ഷണവും സുഗമമാക്കുന്നതിനും നടപ്പിലാക്കുന്നതിനും സംസ്ഥാന സർക്കാരിനുള്ള അധികാരം

15. ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും അതിന്റെ സംരക്ഷണത്തിനും വേണ്ടി ചില വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള അധികാരം 11

16. സംസ്ഥാന സർക്കാരാൽ നിധി ഏർപ്പെടുത്തൽ 12

17. പരിശോധനയ്ക്കുള്ള അധികാരം 12

18. നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിനോ ഉള്ള അധികാരം 13

അദ്ധ്യായം VII

## ധനകാര്യവും അക്കൗണ്ടുകളും ബ്യൂറോയുടെ ആഡിറ്റും

19. കേന്ദ്രസർക്കാരിന്റെ ഗ്രാന്റുകളും വായ്പകളും 14

20. കേന്ദ്രസർക്കാരാൽ നിധി ഏർപ്പെടുത്തൽ 14

21. ബ്യൂറോയ്ക്ക് കടം വാങ്ങുന്നതിനുള്ള അധികാരം 14

22. ബജറ്റ് 15

23. വാർഷിക റിപ്പോർട്ട് 15

24. വാർഷിക റിപ്പോർട്ട് പാർലമെന്റിനു മുമ്പാകെ വയ്ക്കേണ്ടതാണെന്ന് 15

25. അക്കൗണ്ടുകളും ആഡിറ്റും 15

അദ്ധ്യായം VIII

## പിഴകളും ന്യായനിർണ്ണയവും

26. പിഴ 15

27. ന്യായനിർണ്ണയം ചെയ്യുന്നതിനുള്ള അധികാരം 16

28. ന്യായനിർണ്ണയ ആഫീസർ കണക്കിലെടുക്കേണ്ട സംഗതികൾ 16

29. സിവിൽ കോടതിക്ക് അധികാരിത ഇല്ലെന്ന് 16

അദ്ധ്യായം IX

## ഊർജ്ജ സംരക്ഷണ അപ്പലേറ്റ് ട്രിബ്യൂണൽ

30. അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിക്കൽ 16

31. അപ്പലേറ്റ് ട്രിബ്യൂണലിലേക്ക് അപ്പീൽ 17

32. അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഘടന 17

33. അപ്പലേറ്റ് ട്രിബ്യൂണലിലെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും നിയമനത്തിന് വേണ്ടതായ യോഗ്യതകൾ 18

34. ഔദ്യോഗിക കാലാവധി 19

35. സേവന നിബന്ധനകളും വ്യവസ്ഥകളും 19

36. ഒഴിവുകൾ 19

37. രാജിയും നീക്കംചെയ്യലും 19

38. ചില സാഹചര്യങ്ങളിൽ അംഗം ചെയർപേഴ്സണായി പ്രവർത്തിക്കുമെന്ന് 20

39. അപ്പലേറ്റ് ട്രിബ്യൂണലിലെ സ്റ്റാഫ് 20

40. അപ്പലേറ്റ് ട്രിബ്യൂണലിന്റെ നടപടിക്രമവും അധികാരങ്ങളും 20

41. ബെഞ്ചുകൾക്കിടയിൽ ബിസിനസ് കാര്യങ്ങൾ വീതിക്കൽ 21

42. കേസുകൾ മാറ്റുന്നതിന് ചെയർപേഴ്സണുള്ള അധികാരം 21

43. തീരുമാനം ഭൂരിപക്ഷപ്രകാരമായിരിക്കണമെന്ന് 21

44. അപ്പീൽവാദിക്ക് ലീഗൽ പ്രാക്ടീഷണറുടെയോ അല്ലെങ്കിൽ അംഗീകൃത ആഡിറ്ററുടെയോ സഹായം തേടാനും സർക്കാരിന് പ്രസന്റിംഗ് ആഫീസറെ നിയമിക്കാനും ഉള്ള അവകാശം 21

45. സുപ്രീം കോടതിയിലേക്ക് അപ്പീൽ 21


അദ്ധ്യായം X

## പലവക


46. ബ്യൂറോയ്ക്ക് നിർദ്ദേശങ്ങൾ നല്കാൻ കേന്ദ്രസർക്കാരിനുള്ള അധികാരം 22

47. ബ്യൂറോയെ അസാധുവാക്കുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരം 22

48. കമ്പനികളാലുള്ള വീഴ്ചകൾ 23

49. ആദായത്തിൻമേലുള്ള നികുതിയിൽ നിന്നും ഒഴിവാക്കൽ 23

50. ഉത്തമവിശ്വാസത്തിൽ എടുത്ത നടപടിക്ക് സംരക്ഷണം 24

51. ഏല്പിച്ചുകൊടുക്കൽ 24

52. വിവരങ്ങൾ ലഭിക്കാനുള്ള അധികാരം 24

53. ഒഴിവാക്കുന്നതിനുള്ള അധികാരം 24

54. അപ്പലേറ്റ് ട്രിബ്യൂണലിലെ ചെയർപേഴ്സണും അംഗങ്ങളും ആഫീസർമാരും ജീവനക്കാരും, സംസ്ഥാന കമ്മീഷനിലെ അംഗങ്ങളും ബ്യൂറോയിലെ ഡയറക്ടർ-ജനറലും, സെക്രട്ടറിയും, അംഗങ്ങളും ആഫീസർമാരും, ജീവനക്കാരും പബ്ലിക് സർവന്റ്മാരായിരിക്കുമെന്ന് 24

55. നിർദ്ദേശങ്ങൾ നല്കുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരം 24

56. കേന്ദ്രസർക്കാരിന് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം 25

57. സംസ്ഥാനസർക്കാരിന് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം 26

58. ബ്യൂറോയ്ക്ക് റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം 26

59. ചട്ടങ്ങളും റഗുലേഷനുകളും പാർലമെന്റിന്റെയും സംസ്ഥാന നിയമസഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണെന്ന് 27

60. മറ്റു നിയമങ്ങളുടെ ബാധകതയ്ക്ക് തടസ്സമില്ലെന്ന് 27

61. ആക്റ്റിലെ വ്യവസ്ഥകൾ ചില സംഗതികളിൽ ബാധകമാകുന്നതല്ലെന്ന് 28

62. വിഷമതകൾ നീക്കാനുള്ള അധികാരം 28

പട്ടിക 28

# ഊർജ്ജ സംരക്ഷണ ആക്റ്റ്, 2001

(2001-ലെ 52-ാം നമ്പർ ആക്റ്റ്)

[2001 സെപ്റ്റംബർ, 29]

ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും അതിന്റെ സംരക്ഷണത്തിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അമ്പത്തിരണ്ടാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് ഊർജ്ജ സംരക്ഷണ ആക്റ്റ്, 2001 എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന്, ജമ്മു-കാശ്മീർ സംസ്ഥാനം ഒഴികെ, ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത്, കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതിയിൽ* പ്രാബല്യത്തിൽ വരുന്നതും, ഈ ആക്റ്റിലെ വ്യത്യസ്ത വ്യവസ്ഥകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും, ഈ ആക്റ്റിന്റെ പ്രാരംഭത്തെ കുറിച്ച് അങ്ങനെയുള്ള ഏതെങ്കിലും വ്യവസ്ഥയിലെ ഏതെങ്കിലും പരാമർശത്തിന് ആ വ്യവസ്ഥ പ്രാബല്യത്തിൽ വരുന്നതിനെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കല്പിക്കേണ്ടതും ആകുന്നു.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(ക) "അംഗീകൃത ഊർജ്ജ ആഡിറ്റർ" എന്നാൽ 13-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ത) ഖണ്ഡത്തിൽ നിർദ്ദേശിച്ചിട്ടുള്ള യോഗ്യതകൾ ഉള്ള ഒരു ആഡിറ്റർ എന്നർത്ഥമാകുന്നു ;

(ഖ) "അപ്പലേറ്റ് ട്രിബ്യൂണൽ" എന്നാൽ 30-ാം വകുപ്പു പ്രകാരം സ്ഥാപിച്ചിട്ടുള്ള ഊർജ്ജ സംരക്ഷണത്തിനായുള്ള അപ്പലേറ്റ് ട്രിബ്യൂണൽ എന്നർത്ഥമാകുന്നു;

(ഗ) "കെട്ടിടം" എന്നാൽ 15-ാം വകുപ്പ് (ക) ഖണ്ഡത്തിൻ കീഴിലോ 56-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (o) ഖണ്ഡത്തിൻ കീഴിലോ ഊർജ്ജ സംരക്ഷണ കെട്ടിട കോഡുകളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ വിജ്ഞാപനം ചെയ്തശേഷം, 500 കിലോ വാട്ട് കണക്റ്റഡ് ലോഡോ അല്ലെങ്കിൽ 600 കിലോ വോൾട്ട് ആംപിയറിന്റെയോ അതിൽ കൂടുതലോ കോൺട്രാക്ട് ഡിമാന്റോ ഉള്ളതും വാണിജ്യാവശ്യങ്ങൾക്ക് ഉദ്ദേശിച്ചിട്ടുള്ളതും ആയ ഏതെങ്കിലും നിർമ്മിതിയോ എടുപ്പോ അല്ലെങ്കിൽ നിർമ്മിതിയുടെയൊ എടുപ്പിന്റെയോ ഭാഗമോ എന്നർത്ഥമാകുന്നു;

(ഘ) "ബ്യൂറോ" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സ്ഥാപിച്ചിട്ടുള്ള ഊർജ്ജ കാര്യക്ഷമതാ ബ്യൂറോ എന്നർത്ഥമാകുന്നു;

(ങ) "ചെയർപേഴ്സൺ" എന്നാൽ ഭരണസമിതിയുടെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(ച) "നാമനിർദ്ദിഷ്ട ഏജൻസി" എന്നാൽ 15-ാം വകുപ്പ് (ഘ) ഖണ്ഡപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതെങ്കിലും ഏജൻസി എന്നർത്ഥമാകുന്നു;

(ഛ) "നാമനിർദ്ദിഷ്ട ഉപഭോക്താവ്" എന്നാൽ 14-ാം വകുപ്പ് (ങ) ഖണ്ഡപ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ഉപഭോക്താവ് എന്നർത്ഥമാകുന്നു;

---

* 1 മുതൽ 29 വരെയും 44 മുതൽ 62 വരെയുമുള്ള വകുപ്പുകൾ 1-3-2002 മുതൽ പ്രാബല്യത്തിൽ വന്നു.

(ജ) "ഊർജ്ജം" എന്നാൽ ഫോസിൽ ഇന്ധനങ്ങൾ, ന്യൂക്ലിയർ വസ്തുക്കൾ അല്ലെങ്കിൽ പദാർത്ഥങ്ങൾ, ജലവൈദ്യുതി എന്നിവയിൽ നിന്ന് ലഭ്യമായ ഏതു രീതിയിലുമുള്ള ഊർജ്ജം എന്നർത്ഥമാകുന്നതും അതിൽ വൈദ്യുതോർജ്ജവും അല്ലെങ്കിൽ ആവർത്തക ഊർജ്ജ സ്രോതസ്സുകളിൽ നിന്നോ ഗ്രിഡുമായി ബന്ധപ്പെട്ട ബയോഗ്യാസിൽ നിന്നോ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയും ഉൾപ്പെടുന്നതുമാകുന്നു;

(ഝ) "ഊർജ്ജ ആഡിറ്റ്" എന്നാൽ ഏറ്റവും കുറഞ്ഞ ചെലവിൽ ഏറ്റവും കൂടുതൽ നേട്ടങ്ങളുണ്ടാക്കുന്നതിനുള്ള പദ്ധതികളുടെ വിശകലനം സഹിതം ഊർജ്ജ കാര്യക്ഷമത മെച്ചപ്പെടുത്തുവാനുള്ള ശിപാർശകളും ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിനുള്ള ഒരു പ്രവർത്തന പദ്ധതിയും അടങ്ങുന്ന സാങ്കേതിക റിപ്പോർട്ടിന്റെ സമർപ്പണം ഉൾപ്പെടെ ഊർജ്ജ ഉപയോഗത്തിന്റെ പരിശോധനയും തുടർച്ചയായ നിരീക്ഷണവും വിശകലനവും എന്നർത്ഥമാകുന്നു;

(ഞ) "ഊർജ്ജ സംരക്ഷണ കെട്ടിട കോഡുകൾ" എന്നാൽ ഊർജ്ജം ഉപയോഗിച്ചിട്ടുള്ള ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിട്ടുള്ള ഊർജ്ജ ഉപഭോഗത്തിന്റെ മാനദണ്ഡങ്ങളും നിലവാരവും എന്നർത്ഥമാകുന്നതും അതിന്റെ കെട്ടിടത്തിന്റെ സ്ഥാനം ഉൾപ്പെടുന്നതുമാകുന്നു;

(ട) "ഊർജ്ജ ഉപയോഗ നിലവാരം" എന്നാൽ 14-ാം വകുപ്പ് (ക) ഖണ്ഡത്തിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തന രീതിക്കുള്ള മാനദണ്ഡങ്ങളും ഊർജ്ജ ഉപഭോഗനിലവാരങ്ങളും എന്നർത്ഥമാകുന്നു;

(ഠ) "ഊർജ്ജ മാനേജ്മെന്റ് സെന്റർ" എന്നാൽ ഭാരതസർക്കാരിന്റെ മുമ്പുണ്ടായിരുന്ന ഊർജ്ജ മന്ത്രാലയത്തിലെ ഊർജ്ജ വകുപ്പിന്റെ 1989 ജൂലായ് 5-ാം തീയതിയിലെ നമ്പർ 7(2)/87-ഇ.പി. (വാല്യം-IV)-ാം പ്രമേയപ്രകാരം സ്ഥാപിച്ചിട്ടുള്ളതും സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, 1860 (1860-ലെ 21)-ൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഊർജ്ജ മാനേജ്മെന്റ് സെന്റർ എന്നർത്ഥമാകുന്നു;

(ഡ) "ഊർജ്ജ മാനേജർ" എന്നാൽ 14-ാം വകുപ്പ് (ഢ) ഖണ്ഡത്തിൽ നിർണ്ണയിച്ചിട്ടുള്ള യോഗ്യതകൾ ഉള്ള ഏതൊരു വ്യക്തിയും എന്നർത്ഥമാകുന്നു;

(ഢ) "ഭരണസമിതി" എന്നാൽ 4-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഭരണസമിതി എന്നർത്ഥമാകുന്നു;

(ണ) "അംഗം" എന്നാൽ ഭരണസമിതിയിലെ അംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സൺ ഉൾപ്പെടുന്നതുമാകുന്നു;

(ത) "വിജ്ഞാപനം" എന്നാൽ ഭാരത ഗസറ്റിലോ, അതത് സംഗതിപോലെ, ഒരു സംസ്ഥാനത്തിന്റെ ഔദ്യോഗിക ഗസറ്റിലോ ഉള്ള ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഥ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ദ) "റഗുലേഷനുകൾ" എന്നാൽ ഈ ആക്റ്റിൻകീഴിൽ ബ്യൂറോ ഉണ്ടാക്കിയിട്ടുള്ള റഗുലേഷനുകൾ എന്നർത്ഥമാകുന്നു;

(ധ) "പട്ടിക" എന്നാൽ ഈ ആക്റ്റിലെ പട്ടിക എന്നർത്ഥമാകുന്നു;

(ന) "സംസ്ഥാന കമ്മീഷൻ" എന്നാൽ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ ആക്റ്റ്, 1998 (1998-ലെ 14)-ലെ 17-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം സ്ഥാപിച്ചിട്ടുള്ള സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ എന്നർത്ഥമാകുന്നു;

(പ) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്റ്റ്, 1910 (1910-ലെ 9)-ലോ ഇലക്ട്രിസിറ്റി (സപ്ലൈ) ആക്റ്റ്, 1948 (1948-ലെ 54)-ലോ അല്ലെങ്കിൽ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻസ് ആക്റ്റ്, 1998 (1998-ലെ 14)-ലോ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും ആ ആക്റ്റുകളിൽ അവയ്ക്ക് യഥാക്രമം നല്കിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം II

## ഊർജ്ജ കാര്യക്ഷമതാ ബ്യൂറോ

3. കാര്യക്ഷമതാ ബ്യൂറോയുടെ ഏകാംഗീകരണവും സ്ഥാപിക്കലും.—(1) കേന്ദ്രസർക്കാർ, വിജ്ഞാപനംവഴി, നിശ്ചയിക്കുന്ന അങ്ങനെയുള്ള ദിവസം മുതൽ പ്രാബല്യത്തോടെ, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഊർജ്ജ കാര്യക്ഷമതാ ബ്യൂറോ എന്ന് വിളിക്കപ്പെടുന്ന ഒരു ബ്യൂറോ സ്ഥാപിക്കേണ്ടതാണ്.

(2) ബ്യൂറോ, മേൽപറഞ്ഞ പേരിൽ ശാശ്വത പിൻതുടർച്ചാവകാശവും പൊതുമുദ്രയും ഉള്ളതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സ്ഥാവരവും ജംഗമവും ആയ വസ്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും കൈയൊഴിയുന്നതിനും കരാറിൽ ഏർപ്പെടുന്നതിനും ഉള്ള അധികാരത്തോടു കൂടിയതുമായ ഒരു ഏകാംഗീകൃത നികായം ആയിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കാവുന്നതും വ്യവഹരിക്കപ്പെടാവുന്നതും ആണ്.

(3) ബ്യൂറോയുടെ ഹെഡ് ആഫീസ് ഡൽഹിയിലായിരിക്കുന്നതാണ്.

(4) ബ്യൂറോയ്ക്ക് ഭാരതത്തിൽ മറ്റ് സ്ഥലങ്ങളിലും ആഫീസുകൾ സ്ഥാപിക്കാവുന്നതാണ്.

4. ബ്യൂറോയുടെ നടത്തിപ്പ്.—(1) ബ്യൂറോയുടെ കാര്യങ്ങളെ സംബന്ധിച്ചുള്ള പൊതു മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും നടത്തിപ്പും കേന്ദ്രസർക്കാർ നിയമിക്കുന്ന ഇരുപതിൽ കുറയാതെയും ഇരുപത്തിയാറിൽ കവിയാതെയുമുള്ള അംഗങ്ങൾ അടങ്ങുന്ന ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) ഭരണസമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കുന്നതാണ്, അതായത്:—

| | | |
|---|---|---|
| (ക) | കേന്ദ്രസർക്കാരിൽ ഊർജ്ജം കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തിന്റെയോ വകുപ്പിന്റെയോ ചുമതല വഹിക്കുന്ന മന്ത്രി | *എക്സ് ഒഫിഷ്യോ ചെയർപേഴ്സൺ;* |
| (ഖ) | കേന്ദ്രസർക്കാരിൽ ഊർജ്ജം കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തിന്റെയോ വകുപ്പിന്റെയോ ചുമതല വഹിക്കുന്ന സെക്രട്ടറി | *എക്സ് ഒഫിഷ്യോ* അംഗം; |
| (ഗ) | കേന്ദ്രസർക്കാരിൽ പെട്രോളിയവും പ്രകൃതി വാതകവും കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തിന്റെയോ വകുപ്പിന്റെയോ ചുമതല വഹിക്കുന്ന സെക്രട്ടറി | *എക്സ് ഒഫിഷ്യോ* അംഗം; |
| (ഘ) | കേന്ദ്രസർക്കാരിൽ കൽക്കരി കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തിന്റെയോ വകുപ്പിന്റെയോ ചുമതല വഹിക്കുന്ന സെക്രട്ടറി | *എക്സ് ഒഫിഷ്യോ* അംഗം; |
| (ങ) | കേന്ദ്രസർക്കാരിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തിന്റെയോ വകുപ്പിന്റെയോ ചുമതല വഹിക്കുന്ന സെക്രട്ടറി | *എക്സ് ഒഫിഷ്യോ* അംഗം; |
| (ച) | കേന്ദ്രസർക്കാരിൽ അണുഊർജ്ജം കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തിന്റെയോ വകുപ്പിന്റെയോ ചുമതല വഹിക്കുന്ന സെക്രട്ടറി | *എക്സ് ഒഫിഷ്യോ* അംഗം; |
| (ഛ) | കേന്ദ്രസർക്കാരിൽ ഉപഭോക്തൃ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തിന്റെയോ വകുപ്പിന്റെയോ ചുമതല വഹിക്കുന്ന സെക്രട്ടറി | *എക്സ് ഒഫിഷ്യോ* അംഗം; |

| | | |
|---|---|---|
| (ജ) | ഇലക്ട്രിസിറ്റി (സപ്ലൈ) ആക്റ്റ്, 1948 (1948-ലെ 54)-ൻ കീഴിൽ സ്ഥാപിച്ചിട്ടുള്ള കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ ചെയർമാൻ | എക്സ് ഒഫിഷ്യോ അംഗം; |
| (ഝ) | കർണാടക സൊസൈറ്റീസ് ആക്റ്റ്, 1960 (1960-ലെ 17-ാം ആക്റ്റ്)-ൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേന്ദ്ര ഊർജ്ജ ഗവേഷണ സ്ഥാപനത്തിന്റെ ഡയറക്ടർ-ജനറൽ | എക്സ് ഒഫിഷ്യോ അംഗം ; |
| (ഞ) | സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, 1860 (1860-ലെ XXI)-ൻ കീഴിൽ ഒരു സംഘം ആയി രജിസ്റ്റർ ചെയ്തിട്ടുള്ള പെട്രോളിയം സംരക്ഷണ ഗവേഷണ സംഘടനയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ | എക്സ് ഒഫിഷ്യോ അംഗം ; |
| (ട) | കമ്പനികൾ ആക്റ്റ്, 1956 (1956-ലെ 1)-ൻ കീഴിൽ ഒരു കമ്പനിയായി ഏകാംഗീകൃതമാക്കിയിട്ടുള്ള സെൻട്രൽ മൈൻ പ്ലാനിംഗ് ആൻഡ് ഡിസൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ലിമിറ്റഡിന്റെ ചെയർമാൻ-മാനേജിംഗ് ഡയറക്ടർ | എക്സ് ഒഫിഷ്യോ അംഗം ; |
| (ഠ) | ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് ആക്റ്റ്, 1986 (1986-ലെ 63)-ൻ കീഴിൽ സ്ഥാപിച്ചിട്ടുള്ള ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സിന്റെ ഡയറക്ടർ-ജനറൽ | എക്സ് ഒഫിഷ്യോ അംഗം ; |
| (ഡ) | നാഷണൽ ടെസ്റ്റ് ഹൗസിന്റെ ഡയറക്ടർ-ജനറൽ, പൊതുവിതരണ വകുപ്പ്, വാണിജ്യവും വ്യവസായവും മന്ത്രാലയം, കൊൽക്കത്ത | എക്സ് ഒഫിഷ്യോ അംഗം ; |
| (ഢ) | കമ്പനികൾ ആക്റ്റ്, 1956 (1956-ലെ 1)-ൻ കീഴിൽ ഒരു കമ്പനിയായി ഏകാംഗീകൃതമാക്കിയിട്ടുള്ള ഇൻഡ്യൻ-റിന്യൂവബിൾ എനർജി ഡവലപ്മെന്റ് ഏജൻസി ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ | എക്സ് ഒഫിഷ്യോ അംഗം ; |
| (ണ) | അഞ്ച് വൈദ്യുതി മേഖലകളിൽനിന്നും ആ ഓരോ മേഖലകളിലെ സംസ്ഥാനങ്ങളെയും പ്രതിനിധീകരിക്കുന്ന ഓരോ അംഗം വീതം | അംഗങ്ങൾ ; |
| (ത) | കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിൽ വ്യവസായം, സാമഗ്രികളുടെയും ഉപകരണങ്ങളുടെയും നിർമ്മാതാക്കൾ, ആർക്കിടെക്റ്റുകൾ, ഉപഭോക്താക്കൾ എന്നിവരെ പ്രതിനിധീകരിക്കുവാൻ കഴിവുള്ളവരെന്ന് അഭിപ്രായമുള്ള ആളുകളിൽനിന്നും, നിർണ്ണയിക്കപ്പെടുന്നപ്രകാരം നാലിൽ കവിയാത്ത, കേന്ദ്രസർക്കാർ അംഗങ്ങളായി നിയമിക്കുന്ന അങ്ങനെയുള്ള എണ്ണം ആളുകൾ | അംഗങ്ങൾ ; |
| (ഥ) | ഭരണസമിതി അംഗങ്ങളായി നാമനിർദ്ദേശംചെയ്യുന്ന, രണ്ടിൽ കവിയാത്ത അങ്ങനെയുള്ള എണ്ണം ആളുകൾ | അംഗങ്ങൾ ; |
| (ദ) | ബ്യൂറോയുടെ ഡയറക്ടർ-ജനറൽ | എക്സ് ഒഫിഷ്യോ അംഗം സെക്രട്ടറി. |

(3) ഭരണസമിതിക്ക്, ബ്യൂറോയ്ക്ക് വിനിയോഗിക്കാവുന്നതോ ചെയ്യാവുന്നതോ ആയ എല്ലാ അധികാരങ്ങളും വിനിയോഗിക്കാവുന്നതും എല്ലാ പ്രവൃത്തികളും കാര്യങ്ങളും ചെയ്യാവുന്നതുമാണ്.

(4) (2)-ാം ഉപവകുപ്പിലെ (ണ), (ത), (ഥ) ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ഓരോ അംഗവും, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിച്ച തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കുന്നതാണ്.

(5) (2)-ാം ഉപവകുപ്പിലെ (ണ), (ത), (ഥ) ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള അംഗങ്ങൾക്ക് നല്കേണ്ടതായ ഫീസുകളും അലവൻസുകളും ഒഴിവുകൾ നികത്തുന്ന രീതിയും അവരുടെ ചുമതലകൾ നിർവ്വഹിക്കുവാൻ അനുവർത്തിക്കേണ്ട നടപടിക്രമവും നിർണ്ണയിക്കപ്പെടുന്നപ്രകാരമായിരിക്കുന്നതാണ്.

5. ഭരണസമിതിയുടെ യോഗങ്ങൾ.—(1) ഭരണസമിതി അങ്ങനെയുള്ള സമയങ്ങളിലും സ്ഥലങ്ങളിലും യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിലെ ബിസിനസ് നടത്തിപ്പ് സംബന്ധിച്ച (അങ്ങനെയുള്ള യോഗങ്ങളിലെ കോറം ഉൾപ്പെടെ) റഗുലേഷനുകളിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

(2) ചെയർപേഴ്സൺ, അല്ലെങ്കിൽ ഏതെങ്കിലും കാരണത്താൽ അദ്ദേഹത്തിന് ഭരണസമിതിയുടെ ഒരു യോഗത്തിൽ ഹാജരാകാൻ സാധിക്കാത്തപക്ഷം, യോഗത്തിൽ സന്നിഹിതരായ അംഗങ്ങളിൽ നിന്നും അവർ തെരഞ്ഞെടുക്കുന്ന മറ്റേതെങ്കിലും അംഗം, യോഗത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

(3) ഭരണസമിതിയുടെ ഏതെങ്കിലും യോഗത്തിന് മുമ്പാകെ വരുന്ന എല്ലാ പ്രശ്നങ്ങളിലും സന്നിഹിതരാവുകയും വോട്ടു ചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ ഭൂരിപക്ഷം വോട്ടനുസരിച്ച് തീരുമാനിക്കേണ്ടതും വോട്ടുകൾ തുല്യമാകുന്ന സംഗതിയിൽ ചെയർപേഴ്സണോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ അഭാവത്തിൽ അദ്ധ്യക്ഷത വഹിക്കുന്ന വ്യക്തിക്കോ ഒരു രണ്ടാം വോട്ടിനോ അല്ലെങ്കിൽ കാസ്റ്റിംഗ് വോട്ടിനോ അധികാരമുണ്ടായിരിക്കുന്നതാണ്.

6. ഒഴിവുകൾ മുതലായവ ബ്യൂറോയുടെയോ ഭരണസമിതിയുടെയോ അല്ലെങ്കിൽ കമ്മിറ്റിയുടെയോ നടപടികളെ അസാധുവാക്കുന്നതല്ലെന്ന്.—ബ്യൂറോയുടെയോ ഭരണസമിതിയുടെയോ അല്ലെങ്കിൽ ഏതെങ്കിലും കമ്മിറ്റിയുടെയോ യാതൊരു പ്രവൃത്തിയോ അല്ലെങ്കിൽ നടപടിയോ—

(ക) ബ്യൂറോയുടെയോ ഭരണസമിതിയുടെയോ അല്ലെങ്കിൽ കമ്മിറ്റിയിലെയോ ഏതെങ്കിലും ഒഴിവ് അല്ലെങ്കിൽ അതിന്റെ രൂപീകരണത്തിലുള്ള ഏതെങ്കിലും ന്യൂനത; അല്ലെങ്കിൽ

(ഖ) ബ്യൂറോയുടെ ഒരു ഡയറക്ടർ-ജനറലോ സെക്രട്ടറിയോ അല്ലെങ്കിൽ ഭരണസമിതിയുടെയോ കമ്മിറ്റിയുടെയോ ഒരു അംഗമായോ പ്രവർത്തിക്കുന്ന ഒരു വ്യക്തിയുടെ നിയമനത്തിലുള്ള ഏതെങ്കിലും ന്യൂനത; അല്ലെങ്കിൽ

(ഗ) കേസിന്റെ ഗുണദോഷങ്ങൾ ബാധിക്കാത്ത വിധത്തിലുള്ള ബ്യൂറോയുടെയോ ഭരണസമിതിയുടെയോ അല്ലെങ്കിൽ കമ്മിറ്റിയുടെയോ നടപടിക്രമത്തിലുള്ള ഏതെങ്കിലും ക്രമക്കേട്,

എന്നീ കാരണങ്ങളാൽ മാത്രം അസാധുവാകുന്നതല്ല.

7. അംഗത്തിനെ ആഫീസിൽ നിന്നും നീക്കം ചെയ്യൽ.—കേന്ദ്രസർക്കാരിന്, 4-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ (ണ), (ത), (ഥ) ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ഒരു അംഗത്തെ, അദ്ദേഹം—

(ക) പാപ്പരായി വിധിക്കപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും സമയത്ത് പാപ്പരായി വിധിക്കപ്പെട്ടിട്ടുണ്ടായിരിക്കുകയോ;

(ഖ) ചിത്തഭ്രമം ഉള്ളവനായിരിക്കുകയും ക്ഷമതയുള്ള കോടതിയാൽ അപ്രകാരം പ്രഖ്യാപിക്കപ്പെട്ടിരിക്കുകയും ചെയ്യുകയോ;

(ഗ) കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിൽ സദാചാരദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെട്ടിട്ടുണ്ടായിരിക്കുകയോ;

(ഘ) ഉദ്യോഗത്തിൽ തുടരുന്നത്, കേന്ദ്ര സർക്കാരിന്റെ അഭിപ്രായത്തിൽ, പൊതുതാത്പര്യത്തിന് ഹാനികരമാകുന്ന വിധത്തിൽ തന്റെ പദവി ദുരുപയോഗം ചെയ്തിട്ടുണ്ടായിരിക്കുകയോ,

ചെയ്യുന്നപക്ഷം, അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്:

എന്നാൽ, ഇക്കാര്യത്തിൽ അദ്ദേഹത്തെ കേൾക്കുന്നതിന് ന്യായമായ ഒരവസരം നല്കാത്ത പക്ഷം, ഈ ഖണ്ഡപ്രകാരം യാതൊരു അംഗത്തെയും നീക്കംചെയ്യാൻ പാടുള്ളതല്ല.

8. ഉപദേശക സമിതികളുടെയും മറ്റ് സമിതികളുടെയും രൂപീകരണം.—(1) ഇതിലേക്കായി ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും റഗുലേഷനുകൾക്ക് വിധേയമായി, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ ആറ് മാസത്തിനകം, ബ്യൂറോ, അതിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ഉപദേശക സമിതികൾ രൂപീകരിക്കേണ്ടതാണ്.

(2) ഓരോ ഉപദേശക സമിതിയിലും ഒരു ചെയർപേഴ്സണും റഗുലേഷനുകളാൽ നിശ്ചയിച്ച പ്രകാരമുള്ള മറ്റ് അംഗങ്ങളും ഉൾപ്പെടുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള അധികാരങ്ങൾക്ക് ഭംഗം വരാതെ, ബ്യൂറോയ്ക്ക്, ഉപകരണമോ അല്ലെങ്കിൽ പ്രക്രിയകളോ സംബന്ധിച്ച് ഊർജ്ജ ഉപഭോഗ നിലവാരങ്ങളോ അല്ലെങ്കിൽ മാനദണ്ഡങ്ങളോ ആവിഷ്ക്കരിക്കുന്നതിന് വേണ്ടി അതിന് ആവശ്യമെന്ന് തോന്നുന്ന അങ്ങനെയുള്ള എണ്ണം വിദഗ്ദ്ധരുടെ സാങ്കേതിക സമിതികൾ രൂപീകരിക്കാവുന്നതാണ്.

9. ബ്യൂറോയുടെ ഡയറക്ടർ-ജനറൽ.—(1) കേന്ദ്രസർക്കാരിന്, വിജ്ഞാപനം വഴി, ഊർജ്ജോല്പാദനം, വിതരണം, ഊർജ്ജ മാനേജ്മെന്റ്, ഊർജ്ജത്തിന്റെ ക്രമീകരണം, കാര്യക്ഷമമായ ഉപയോഗം അതിന്റെ സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട സംഗതികൾ കൈകാര്യം ചെയ്യുന്നതിൽ മതിയായ അറിവും പരിചയവും ഉള്ളവരും കഴിവും അനുഭവസമ്പത്തുമുള്ളവരുമായ വ്യക്തികളിൽ നിന്നും ഒരു ഡയറക്ടർ-ജനറലിനെ നിയമിക്കേണ്ടതാണ്.

(2) കേന്ദ്രസർക്കാർ, വിജ്ഞാപനം വഴി, ഭാരത സർക്കാരിന്റെ ഡെപ്യൂട്ടി സെക്രട്ടറി പദവിയിൽ കുറയാത്ത ഏതെങ്കിലും വ്യക്തിയെ ബ്യൂറോയുടെ സെക്രട്ടറിയായി നിയമിക്കേണ്ടതാണ്.

(3) ഡയറക്ടർ-ജനറൽ, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിച്ച തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്കോ അല്ലെങ്കിൽ അദ്ദേഹത്തിന് അറുപത് വയസ്സ് തികയുന്നതുവരെയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത്, അതുവരെ ഉദ്യോഗം വഹിക്കേണ്ടതാണ്.

(4) ഡയറക്ടർ-ജനറലിന് നല്കേണ്ട ശമ്പളവും ബത്തകളും അദ്ദേഹത്തിന്റെ മറ്റ് സേവന നിബന്ധനകളും വ്യവസ്ഥകളും ബ്യൂറോയുടെ സെക്രട്ടറിയുടെ മറ്റ് സേവന നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിക്കപ്പെടുന്ന പ്രകാരം ആയിരിക്കുന്നതാണ്.

(5) ഭരണസമിതിയാലുള്ള പൊതുമേൽനോട്ടത്തിനും നിർദ്ദേശത്തിനും കാര്യങ്ങളുടെ നടത്തിപ്പിനും വിധേയമായി ഡയറക്ടർ-ജനറൽ ബ്യൂറോയുടെ ചീഫ് എക്സിക്യൂട്ടീവ് അതോറിറ്റി ആയിരിക്കും.

(6) ബ്യൂറോയുടെ ഡയറക്ടർ-ജനറൽ, റഗുലേഷനുകളാൽ നിശ്ചയിക്കുന്ന പ്രകാരമുള്ള ബ്യൂറോയുടെ അധികാരങ്ങളും കർത്തവ്യങ്ങളും വിനിയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

10. ബ്യൂറോയുടെ ആഫീസർമാരും ജീവനക്കാരും.—(1) കേന്ദ്രസർക്കാരിന്, ഈ ആക്റ്റ് പ്രകാരമുള്ള ബ്യൂറോയുടെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിലേക്കായി അതിന് ആവശ്യമെന്ന് തോന്നുന്നത്ര മറ്റ് ആഫീസർമാരെയും ജീവനക്കാരെയും ബ്യൂറോയിൽ നിയമിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ബ്യൂറോയിൽ നിയമിക്കപ്പെട്ട ആഫീസർമാരുടെയും മറ്റു ജീവനക്കാരുടെയും സേവന നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്.

11. ബ്യൂറോയുടെ ഉത്തരവുകളുടെയും തീരുമാനങ്ങളുടെയും പ്രമാണീകരിക്കൽ.—ബ്യൂറോയുടെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും ഡയറക്ടർ-ജനറലോ അല്ലെങ്കിൽ ഡയറക്ടർ-ജനറൽ ഇതിലേക്കായി അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ആഫീസറോ കൈയൊപ്പ് വച്ച് പ്രമാണീകരിക്കേണ്ടതാണ്.

## അദ്ധ്യായം III

### ഊർജ്ജ മാനേജ്മെന്റ് സെന്ററിന്റെ ആസ്തികൾ, ബാദ്ധ്യതകൾ മുതലായവ ബ്യൂറോയ്ക്ക് കൈമാറൽ

12. ഊർജ്ജ മാനേജ്മെന്റ് സെന്ററിന്റെ ആസ്തികളുടെയും ബാദ്ധ്യതകളുടെയും ജീവനക്കാരുടെയും കൈമാറ്റം.—(1) ബ്യൂറോയുടെ സ്ഥാപന തീയതിയിലും അന്നു മുതൽക്കും—

(ക) ഊർജ്ജ മാനേജ്മെന്റ് സെന്ററിനെ സംബന്ധിച്ച്, ഈ ആക്റ്റിലോ ഏതെങ്കിലും കരാറിലോ അല്ലെങ്കിൽ മറ്റ് പ്രമാണത്തിലോ ഒഴികെ ഏതെങ്കിലും നിയമത്തിലുള്ള ഏതൊരു പരാമർശവും ബ്യൂറോയെ സംബന്ധിച്ചുള്ള ഒരു പരാമർശമായി കരുതപ്പെടേണ്ടതാണ്;

(ഖ) ഊർജ്ജ മാനേജ്മെന്റ് സെന്ററിന്റെ അല്ലെങ്കിൽ അതിന്റെ ഉടമസ്ഥതയിലുള്ള എല്ലാ സ്ഥാവര-ജംഗമസ്വത്തുക്കളും ആസ്തികളും ബ്യൂറോയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്;

(ഗ) ഊർജ്ജ മാനേജ്മെന്റ് സെന്ററിന്റെ എല്ലാ അവകാശങ്ങളും ബാദ്ധ്യതകളും ബ്യൂറോയിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും അവ അതിന്റെ അവകാശങ്ങളും ബാദ്ധ്യതകളും ആയിത്തീരുന്നതുമാണ്;

(ഘ) (ഗ) ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് ഭംഗം വരാതെ ആ തീയതിക്ക് തൊട്ടുമുമ്പ് ഊർജ്ജ മാനേജ്മെന്റ് സെന്ററിന്റെ ആവശ്യങ്ങളുമായി ബന്ധപ്പെട്ടോ അവയ്ക്ക് വേണ്ടിയോ പ്രസ്തുത സെന്ററിന് വേണ്ടിയോ അതുമായോ അതിനാലോ ഉണ്ടായിട്ടുള്ള എല്ലാ കടങ്ങളും കടപ്പാടുകളും ബാദ്ധ്യതകളും ഏർപ്പെട്ടിട്ടുള്ള എല്ലാ കരാറുകളും ചെയ്യാൻ ഏറ്റെടുത്തിട്ടുള്ള എല്ലാ സംഗതികളും കാര്യങ്ങളും ബ്യൂറോയാലോ അതുമായോ അതിനു വേണ്ടിയോ ഉണ്ടായിട്ടുള്ളതോ ഏർപ്പെട്ടിട്ടുള്ളതോ ചെയ്യാൻ ഏറ്റെടുത്തിട്ടുള്ളതോ ആയി കരുതപ്പെടേണ്ടതാണ്;

(ങ) ആ തീയതിക്ക് തൊട്ടു മുമ്പ് ഊർജ്ജ മാനേജ്മെന്റ് സെന്ററിന് ചെല്ലേണ്ടതായ പണത്തിന്റെ എല്ലാ തുകകളും ബ്യൂറോയ്ക്ക് ചെല്ലേണ്ടതായി കരുതപ്പെടേണ്ടതാണ്;

(ച) ആ തീയതിക്ക് തൊട്ടുമുമ്പ് ഊർജ്ജ മാനേജ്മെന്റ് സെന്റർ ആരംഭിച്ചിട്ടുള്ളതോ അല്ലെങ്കിൽ അതിനോ അതിനെതിരെയോ ആരംഭിക്കാൻ കഴിയുമായിരുന്നതോ ആയ എല്ലാ വ്യവഹാരങ്ങളും മറ്റ് നിയമ നടപടികളും ബ്യൂറോയാലോ അല്ലെങ്കിൽ അതിനെതിരെയോ ആരംഭിക്കാവുന്നതാണ്;

(ഛ) ആ തീയതിക്ക് തൊട്ടുമുമ്പ് ഊർജ്ജ മാനേജ്മെന്റ് സെന്ററിൻകീഴിൽ ഏതെങ്കിലും ഉദ്യോഗം വഹിച്ചുപോരുന്ന ഓരോ ജീവനക്കാരനും ബ്യൂറോ സ്ഥാപിച്ചിട്ടില്ലായിരുന്നുവെങ്കിൽ ആ ഉദ്യോഗം വഹിക്കുന്നതിന് ലഭിക്കുമായിരുന്ന അതേ കാലയളവിലേക്കും വേതനം, അവധി, പ്രോവിഡന്റ് ഫണ്ട്, സേവന വിരാമം മറ്റ് സേവനാന്ത്യ ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ചുള്ള അതേ സേവന നിബന്ധനകളോടും വ്യവസ്ഥകളോടും കൂടി, അല്ലെങ്കിൽ ആ ദിവസം മുതൽ ആറു മാസം കഴിയുന്നതിനുള്ളിൽ, അങ്ങനെയുള്ള ജീവനക്കാരൻ ബ്യൂറോയിലെ ജീവനക്കാരനാകാൻ ഇച്ഛിക്കുന്നില്ലെന്ന് അറിയിക്കുന്ന ആ കാലയളവ് വരെയോ, ബ്യൂറോയിൽ ഉദ്യോഗം വഹിക്കുന്നത് തുടരേണ്ടതാണ്.

(2) വ്യാവസായിക തർക്കങ്ങൾ ആക്റ്റ്, 1947 (1947-ലെ 14)-ലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തു തന്നെ അടങ്ങിയിരുന്നാലും, ഈ വകുപ്പിൻ കീഴിൽ ബ്യൂറോ അതിന്റെ സ്ഥിര സേവനത്തിലേക്കുള്ള ഏതെങ്കിലും ജീവനക്കാരന്റെ ഏറ്റെടുക്കൽ ആ ആക്റ്റിനോ അല്ലെങ്കിൽ മറ്റ് നിയമത്തിനോ കീഴിൽ അങ്ങനെയുള്ള ജീവനക്കാരന് ഏതെങ്കിലും നഷ്ടപരിഹാരത്തിന് അർഹതയുണ്ടാക്കുന്നതല്ലാത്തതും അങ്ങനെയുള്ള യാതൊരു അവകാശവാദവും ഏതെങ്കിലും കോടതിയോ ട്രിബ്യൂണലോ മറ്റ് അധികാരസ്ഥാനമോ വിചാരണയ്ക്കെടുക്കുവാൻ പാടില്ലാത്തതുമാകുന്നു.

3/1537/2007/DTP.

## അദ്ധ്യായം IV

### ബ്യൂറോയുടെ അധികാരങ്ങളും ചുമതലകളും

13. ബ്യൂറോയുടെ അധികാരങ്ങളും ചുമതലകളും.—(1) ബ്യൂറോയ്ക്ക്, ഈ ആക്റ്റിനാലോ അതിൻ കീഴിലോ അതിന് നല്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് നാമനിർദ്ദിഷ്ട ഉപഭോക്താക്കളെയും നാമനിർദ്ദിഷ്ട ഏജൻസികളെയും മറ്റു ഏജൻസികളെയും ഫലപ്രദമായി ഏകോപിപ്പിക്കുകയും നിലവിലുള്ള വിഭവങ്ങളും അടിസ്ഥാന ഘടകങ്ങളും അംഗീകരിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(2) ബ്യൂറോയ്ക്ക്, ഈ ആക്റ്റിനാലോ അതിൻകീഴിലോ അതിന് നല്കിയിട്ടുള്ള അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കാവുന്നതും അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കാവുന്നതും പ്രത്യേകിച്ചും അങ്ങനെയുള്ള ചുമതലകളിലും അധികാരങ്ങളിലും താഴെപ്പറയുന്ന ചുമതലയും അധികാരവും ഉൾപ്പെടുന്നതുമാണ്—

(ക) 14-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം വിജ്ഞാപനം ചെയ്യുന്നതിന് ആവശ്യമായ നടപടികളുടെ മാനദണ്ഡങ്ങളും ഊർജ്ജ ഉപഭോഗ നിലവാരവും കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്യുക;

(ഖ) 14-ാം വകുപ്പ് (ഘ) ഖണ്ഡപ്രകാരം സാമഗ്രികളിലും ഉപകരണങ്ങളിലും മേൽ പ്രദർശിപ്പിക്കേണ്ട ലേബലിലേക്ക് ആവശ്യമായ വിവരങ്ങളും അവ പ്രദർശിപ്പിക്കുന്നതിനുള്ള രീതിയും കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്യുക;

(ഗ) 14-ാം വകുപ്പ് (ങ) ഖണ്ഡപ്രകാരം ഏതെങ്കിലും ഊർജ്ജ ഉപയോക്താവിനെയോ ഉപയോക്താക്കളുടെ വിഭാഗത്തെയോ ഒരു നാമനിർദ്ദിഷ്ട ഉപഭോക്താവായി വിജ്ഞാപനം ചെയ്യുന്നതിന് കേന്ദ്രസർക്കാരിനോട് ശിപാർശ ചെയ്യുക;

(ഘ) 14-ാം വകുപ്പ് (ത) ഖണ്ഡപ്രകാരം ഊർജ്ജ സംരക്ഷണ കെട്ടിട കോഡുകൾക്ക് വേണ്ടതായ മാർഗ്ഗരേഖകൾ നിർണ്ണയിക്കുന്നതിന് ഉചിതമായ നടപടികൾ എടുക്കുക;

(ങ) ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും അതിന്റെ സംരക്ഷണത്തിനുംവേണ്ടി അവബോധം സൃഷ്ടിക്കുന്നതിനും വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനും ആവശ്യമായ എല്ലാ നടപടികളും എടുക്കുക;

(ച) ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും അതിന്റെ സംരക്ഷണത്തിനും വേണ്ടിയുള്ള സാങ്കേതിക പദ്ധതികളിൽ ഉദ്യോഗസ്ഥർക്കും വിദഗ്ധർക്കും പരിശീലനം ഏർപ്പെടുത്തുകയും സംഘടിപ്പിക്കുകയും ചെയ്യുക;

(ഛ) ഊർജ്ജ സംരക്ഷണ മേഖലയിൽ കൂടിയാലോചനാ സേവനങ്ങൾ ശക്തിപ്പെടുത്തുക;

(ജ) ഊർജ്ജ സംരക്ഷണ മേഖലയിൽ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുക;

(ഝ) സാമഗ്രികളുടെയും ഉപകരണങ്ങളുടെയും ഊർജ്ജ ഉപയോഗം പരിശോധിക്കലിന്റെയും സാക്ഷ്യപ്പെടുത്തലിന്റെയും നടപടിക്രമം വികസിപ്പിക്കുകയും സാക്ഷ്യപ്പെടുത്തലിനും പരിശോധനയ്ക്കും വേണ്ട സൗകര്യങ്ങളുടെ പരിശോധന പ്രോത്സാഹിപ്പിക്കുകയും ചെയ്യുക;

(ഞ) ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗവും അതിന്റെ സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള പരീക്ഷണ പദ്ധതികളുടെയും നിദർശന പദ്ധതികളുടെയും നടപ്പാക്കൽ ക്രമീകരിക്കുകയും സുഗമമാക്കുകയും ചെയ്യുക;

(ട) ഊർജ്ജോപയോഗത്തിനുള്ള കാര്യക്ഷമമായ പ്രക്രിയകൾ, സാമഗ്രികൾ, ഉപകരണങ്ങൾ, സമ്പ്രദായങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക;

(ഠ) കാര്യക്ഷമമായ ഊർജ്ജ പദ്ധതികൾക്ക് നൂതനമായ ധനസഹായം പ്രോത്സാഹിപ്പിക്കുക;

(ഡ) ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗവും അതിന്റെ സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നല്കുക;

(ഢ) ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗവും അതിന്റെ സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നല്കുന്ന സേവനങ്ങൾക്ക്, റഗുലേഷനുകളാൽ നിശ്ചയിക്കുന്ന പ്രകാരമുള്ള ഫീസ് ചുമത്തുക;

(ണ) റഗുലേഷനുകളാൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം അംഗീകൃത ഊർജ്ജ ആഡിറ്റർമാരുടെ ഒരു ലിസ്റ്റ് സൂക്ഷിക്കുക;

(ത) അംഗീകൃത ഊർജ്ജ ആഡിറ്റർമാർക്ക് വേണ്ടതായ യോഗ്യതകൾ റഗുലേഷനുകളാൽ നിർദ്ദേശിക്കുക;

(ഥ) ഊർജ്ജ ആഡിറ്റ് നടത്തുന്നതിനുള്ള രീതിയും ഇടവേളകളുടെ കാലവും റഗുലേഷനുകളാൽ നിർദ്ദേശിക്കുക;

(ദ) നാമനിർദ്ദിഷ്ട ഉപഭോക്താക്കളാൽ ഊർജ്ജ മാനേജർമാരായി നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ നിയമിക്കപ്പെടുന്നതിനോ വേണ്ടതായ സാക്ഷ്യപ്പെടുത്തൽ നടപടികൾ റഗുലേഷനുകളാൽ നിർദ്ദേശിക്കുക;

(ധ) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കോ, ബോർഡുകൾക്കോ, സർവ്വകലാശാലകൾക്കോ സ്വയംഭരണ സ്ഥാപനങ്ങൾക്കോ വേണ്ടി ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗവും അതിന്റെ സംരക്ഷണവും സംബന്ധിച്ച് വിദ്യാഭ്യാസ പാഠ്യപദ്ധതി തയ്യാറാക്കുകയും അവ അവയുടെ പാഠ്യക്രമത്തിൽ ഉൾപ്പെടുത്തുന്നതിനായി ഒത്തുചേർന്നു പ്രവർത്തിക്കുകയും ചെയ്യുക;

(ന) ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗവും അതിന്റെ സംരക്ഷണവും സംബന്ധിച്ച്, കേന്ദ്രസർക്കാർ അതിനെ ഏല്പിച്ചുകൊടുക്കുന്നതായ അന്തർദേശീയ സഹകരണ പരിപാടികൾ നടപ്പിലാക്കുക;

(ച) നിർണ്ണയിക്കപ്പെടുന്ന പ്രകാരം അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക.

## അദ്ധ്യായം V

## ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗവും അതിന്റെ സംരക്ഷണവും സുഗമമാക്കുന്നതിനും നടപ്പിലാക്കുന്നതിനും ഉള്ള കേന്ദ്രസർക്കാരിന്റെ അധികാരം

14. ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗവും അതിന്റെ സംരക്ഷണവും സുഗമമാക്കുന്നതിനും നടപ്പിലാക്കുന്നതിനും ഉള്ള കേന്ദ്രസർക്കാരിന്റെ അധികാരം.—കേന്ദ്രസർക്കാരിന്, ബ്യൂറോയുമായി കൂടിയാലോചിച്ച്, വിജ്ഞാപനം വഴി,—

(ക) ഊർജ്ജം ഉപയോഗിക്കുന്നതും, ഉത്പാദിപ്പിക്കുന്നതും, കടത്തിവിടുന്നതും, വിതരണം ചെയ്യുന്നതുമായ ഏതെങ്കിലും സാമഗ്രിയ്ക്കും ഉപകരണത്തിനും വേണ്ടതായ നടപടികളുടെയും ഊർജ്ജോപഭോഗ നിലവാരത്തിന്റെയും മാനദണ്ഡങ്ങൾ നിർദ്ദേശിക്കാവുന്നതാണ്;

(ഖ) ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, അതത് സംഗതിപോലെ, സാമഗ്രിയോ ഉപകരണമോ അല്ലെങ്കിൽ സാമഗ്രികളുടെയോ ഉപകരണങ്ങളുടെയോ ഒരു വിഭാഗത്തെയോ നിർദ്ദേശിക്കാവുന്നതാണ്;

(ഗ) ഖണ്ഡം (ഖ)-ൽ നിർദ്ദേശിച്ചിട്ടുള്ള സാമഗ്രിയുടെയോ ഉപകരണത്തിന്റെയോ നിർമ്മാണമോ വില്പനയോ വാങ്ങലോ ഇറക്കുമതിയോ അങ്ങനെയുള്ള സാമഗ്രിയോ ഉപകരണമോ ഊർജ്ജ ഉപഭോഗ നിലവാരത്തിന് അനുസൃതമല്ലാത്തപക്ഷം നിരോധിക്കാവുന്നതാണ്:

എന്നാൽ, സാമഗ്രിയുടെയോ ഉപകരണത്തിന്റെയോ നിർമ്മാണമോ വില്പനയോ വാങ്ങലോ അല്ലെങ്കിൽ ഇറക്കുമതിയോ നിരോധിച്ചുകൊണ്ടുള്ള യാതൊരു വിജ്ഞാപനവും ഈ വകുപ്പിലെ (ക) ഖണ്ഡ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിന്റെ തീയതി മുതൽ രണ്ടു വർഷത്തിനുള്ളിൽ പുറപ്പെടുവിക്കാൻ പാടുള്ളതല്ല;

(ഘ) ഖണ്ഡം (ഖ)-ൽ പറഞ്ഞിട്ടുള്ള സാമഗ്രികളിലും ഉപകരണങ്ങളിന്മേലുമുള്ള ലേബലിൽ റഗുലേഷനുകളിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ അങ്ങനെയുള്ള രീതിയിൽ പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശിക്കാവുന്നതാണ്;

(ങ) ഊർജ്ജ ഉപയോഗത്തിന്റെ തീവ്രത അല്ലെങ്കിൽ അളവ്, ഊർജ്ജ കാര്യക്ഷമതാ സാമഗ്രികളിലേക്ക് മാറുന്നതിന് വേണ്ടി വരുന്ന നിക്ഷേപത്തുക, ആ തുക നിക്ഷേപിക്കുന്നതിന് വ്യവസായത്തിനുള്ള

ശേഷി, ആ വ്യവസായത്തിനാവശ്യമായ ഊർജ്ജ കാര്യക്ഷമതാ യന്ത്ര സംവിധാനത്തിന്റെയും സാമഗ്രികളുടെയും ലഭ്യത എന്നിവ പരിഗണിച്ച് ഏതെങ്കിലും ഊർജ്ജ ഉപയോക്താവിനെയോ അല്ലെങ്കിൽ ഉപയോക്താക്കളുടെ ഒരു വിഭാഗത്തെയോ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി നാമനിർദ്ദിഷ്ട ഉപഭോക്താക്കളായി നിർദ്ദേശിക്കാവുന്നതാണ്;

(ച) പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള അധികം ഊർജ്ജം ആവശ്യമായ വ്യവസായങ്ങളുടെ ലിസ്റ്റിൽ മാറ്റം വരുത്താവുന്നതാണ്;

(ഛ) അതിന് ആവശ്യമെന്ന് കരുതുന്ന പ്രകാരം നാമനിർദ്ദിഷ്ട ഉപഭോക്താക്കൾക്ക് വേണ്ട പ്രകാരമുള്ള ഊർജ്ജ ഉപഭോഗ മാനദണ്ഡങ്ങളും നിലവാരങ്ങളും ഉറപ്പിക്കുകയും നിർണ്ണയിക്കുകയും ചെയ്യാവുന്നതാണ്:

എന്നാൽ, കേന്ദ്രസർക്കാരിന്, നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ഘടകങ്ങൾ പരിഗണിച്ചുകൊണ്ട് വ്യത്യസ്ത നാമനിർദ്ദിഷ്ട ഉപഭോക്താക്കൾക്കായി വ്യത്യസ്ത മാനദണ്ഡങ്ങളും നിലവാരങ്ങളും നിർണ്ണയിക്കാവുന്നതാണ്;

(ജ) ഖണ്ഡം (ക)-ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ഉപയോഗിച്ചിട്ടുള്ള ഊർജ്ജത്തിന്റെ അളവും അല്ലെങ്കിൽ ഊർജ്ജ ഉപഭോഗത്തിന്റെ മാനദണ്ഡങ്ങളും നിലവാരങ്ങളും പരിഗണിച്ചുകൊണ്ട്, റഗുലേഷനുകളിൽ നിർദ്ദേശിച്ചിട്ടുള്ള രീതിയിലും ഇടവേളകളിലും അംഗീകൃത ഊർജ്ജ ആഡിറ്റർമാരാൽ ഊർജ്ജ ആഡിറ്റ് നടത്തിക്കണമെന്ന് പട്ടികയിൽ പറഞ്ഞിട്ടുള്ള അധികം ഊർജ്ജം ആവശ്യമായ വ്യവസായങ്ങളോട് നിർദ്ദേശിക്കാവുന്നതാണ്;

(ഝ) ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും അതിന്റെ സംരക്ഷണത്തിനും ആവശ്യമെന്ന് കരുതുന്നപക്ഷം, ഏതൊരു നാമനിർദ്ദിഷ്ട ഉപഭോക്താവിനോടും അംഗീകൃത ഊർജ്ജ ആഡിറ്റർ മുഖേന ഊർജ്ജ ആഡിറ്റ് നടത്തിക്കണമെന്ന് നിർദ്ദേശിക്കാവുന്നതാണ്;

(ഞ) 17-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരമുള്ള പരിശോധനയുടെ ആവശ്യങ്ങൾക്കായി ഉൾപ്പെടുത്തേണ്ടതായ സംഗതികൾ നിർദ്ദേശിക്കാവുന്നതാണ്;

(ട) ഏതൊരു നാമനിർദ്ദിഷ്ട ഉപഭോക്താവിനോടും, നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ഫാറത്തിലും രീതിയിലും കാലയളവിനുള്ളിലും ഉപയോഗിക്കപ്പെട്ട ഊർജ്ജത്തെയും അംഗീകൃത ഊർജ്ജ ആഡിറ്ററുടെ ശിപാർശയിൻമേൽ എടുത്ത നടപടിയെയും സംബന്ധിച്ചുള്ള വിവരം നാമനിർദ്ദിഷ്ട ഏജൻസിക്ക് നല്കണമെന്ന് നിർദ്ദേശിക്കാവുന്നതാണ്;

(ഠ) ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും അതിന്റെ സംരക്ഷണത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ചുമതല വഹിക്കുന്നതിനായി ഊർജ്ജ മാനേജരെ നാമനിർദ്ദേശം ചെയ്യണമെന്നും അല്ലെങ്കിൽ നിയമിക്കണമെന്നും നിർണ്ണയിക്കപ്പെട്ട ഫാറത്തിലും രീതിയിലും ഓരോ സാമ്പത്തിക വർഷാവസാനത്തിലും ഊർജ്ജ ഉപയോഗസ്ഥിതിയെ സംബന്ധിച്ച് ഒരു റിപ്പോർട്ട് നാമനിർദ്ദിഷ്ട ഏജൻസിക്ക് സമർപ്പിക്കണമെന്നും നാമനിർദ്ദിഷ്ട ഉപഭോക്താവിനോട് നിർദ്ദേശിക്കാവുന്നതാണ്;

(ഡ) ഖണ്ഡം (ഠ) പ്രകാരം ഊർജ്ജമാനേജർമാരായി നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ നിയമിക്കപ്പെടുന്നതിനോ വേണ്ടതായ കുറഞ്ഞ യോഗ്യത നിർണ്ണയിക്കാവുന്നതാണ്;

(ഢ) ഓരോ നാമനിർദ്ദിഷ്ട ഉപഭോക്താവിനോടും ഊർജ്ജ ഉപയോഗ മാനദണ്ഡങ്ങളും നിലവാരങ്ങളും പാലിക്കണമെന്ന് നിർദ്ദേശിക്കാവുന്നതാണ്;

(ണ) ഖണ്ഡം (ഛ) പ്രകാരം നിർണ്ണയിച്ചിട്ടുള്ള ഊർജ്ജ ഉപഭോഗ മാനദണ്ഡങ്ങളും നിലവാരങ്ങളും പാലിച്ചിട്ടില്ലാത്ത ഏതൊരു നാമനിർദ്ദിഷ്ട ഉപഭോക്താവിനോടും, നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഫാറത്തിലും രീതിയിലും ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും അതിന്റെ സംരക്ഷണത്തിനും വേണ്ടി ഒരു പദ്ധതി തയ്യാറാക്കുന്നതിനും നിക്ഷേപത്തിന്റെ സാമ്പത്തിക പ്രയോഗക്ഷമത കണക്കിലെടുത്ത് അങ്ങനെയുള്ള പദ്ധതി നടപ്പിലാക്കുന്നതിനും നിർദ്ദേശിക്കാവുന്നതാണ്;

(ത) കെട്ടിടത്തിലോ കെട്ടിട സമുച്ചയത്തിലോ ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും അതിന്റെ സംരക്ഷണത്തിനും വേണ്ടി ഊർജ്ജസംരക്ഷണ കെട്ടിടകോഡുകൾ നിർണ്ണയിക്കാവുന്നതാണ്;

(ഥ) മേഖലാപരവും പ്രാദേശികവുമായ കാലാവസ്ഥയ്ക്ക് അനുയോജ്യമാകുംവിധം ഊർജ്ജ സംരക്ഷണ കെട്ടിടകോഡുകൾ ഭേദഗതി ചെയ്യാവുന്നതാണ്;

(ദ) ഒരു കെട്ടിടത്തിന്റെയോ കെട്ടിട സമുച്ചയത്തിന്റെയോ ഉടമസ്ഥനോ അല്ലെങ്കിൽ കൈവശക്കാരനോ ഒരു നാമനിർദ്ദിഷ്ട ഉപഭോക്താവാണെങ്കിൽ അങ്ങനെയുള്ള ഓരോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും അതിന്റെ സംരക്ഷണത്തിനും വേണ്ടി ഊർജ്ജസംരക്ഷണ കെട്ടിടകോഡുകളിലെ വ്യവസ്ഥകൾ പാലിക്കണമെന്ന് നിർദ്ദേശിക്കാവുന്നതാണ്;

(ധ) ഖണ്ഡം (ദ)-ൽ പരാമർശിച്ചിട്ടുള്ള ഏതൊരു നാമനിർദ്ദിഷ്ട ഉപഭോക്താവിനോടും, തന്റെ കെട്ടിടത്തിൽ ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും അതിന്റെ സംരക്ഷണത്തിനും വേണ്ടി, ആവശ്യമെന്ന് തോന്നുന്ന പക്ഷം, അങ്ങനെയുള്ള കെട്ടിടത്തെ സംബന്ധിച്ചുള്ള ഊർജ്ജ ആഡിറ്റ്, റഗുലേഷനുകളിൽ നിർദ്ദേശിച്ചിട്ടുള്ള രീതിയിലും ഇടവേളകളിലും അംഗീകൃത ഊർജ്ജ ആഡിററർ മുഖേന നടത്തിക്കേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്;

(ന) ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും അതിന്റെ സംരക്ഷണത്തിനുമായി അവബോധം സൃഷ്ടിക്കുന്നതിനും വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനും ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാവുന്നതാണ്;

(പ) ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും അതിന്റെ സംരക്ഷണത്തിനും വേണ്ടിയുള്ള സാങ്കേതിക പദ്ധതികളിൽ ഉദ്യോഗസ്ഥർക്കും വിദഗ്ധർക്കും പരിശീലനം ഏർപ്പാടാക്കുകയും സംഘടിപ്പിക്കുകയും ചെയ്യാവുന്നതാണ്;

(ഫ) ഊർജ്ജ കാര്യക്ഷമതയുള്ള സാമഗ്രികളുടെയും ഉപകരണങ്ങളുടെയും ഉപയോഗത്തിന് മുൻഗണനാടിസ്ഥാന പരിഗണന പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്:

എന്നാൽ, (ത) മുതൽ (ധ) വരെ ഖണ്ഡങ്ങൾ പ്രകാരമുള്ള അധികാരങ്ങൾ ബന്ധപ്പെട്ട സംസ്ഥാനവുമായി കൂടിയാലോചിച്ച് വിനിയോഗിക്കേണ്ടതാണ്.

## അദ്ധ്യായം VI

## ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗവും അതിന്റെ സംരക്ഷണവും സുഗമമാക്കുന്നതിനും നടപ്പിലാക്കുന്നതിനും സംസ്ഥാനസർക്കാരിനുള്ള അധികാരം

15. ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും അതിന്റെ സംരക്ഷണത്തിനും വേണ്ടി ചില വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് സംസ്ഥാനസർക്കാരിനുള്ള അധികാരം.—സംസ്ഥാനസർക്കാരിന്, ബ്യൂറോയുമായി കൂടിയാലോചിച്ച്, വിജ്ഞാപനം വഴി—

(ക) മേഖലാപരവും പ്രാദേശികവുമായ കാലാവസ്ഥകൾക്ക് അനുയോജ്യമാകും വിധം ഊർജ്ജ സംരക്ഷണ കെട്ടിടകോഡുകൾ ഭേദഗതി ചെയ്യാവുന്നതും, അതുണ്ടാക്കിയ അങ്ങനെയുള്ള ചട്ടങ്ങൾ മുഖേന, കെട്ടിടങ്ങളിൽ ഊർജ്ജം ഉപയോഗിക്കുന്നത് സംബന്ധിച്ച് ഊർജ്ജ സംരക്ഷണ കെട്ടിട കോഡുകൾ നിർദ്ദേശിക്കുകയും വിജ്ഞാപനം ചെയ്യുകയും ചെയ്യാവുന്നതാണ്;

(ഖ) ഒരു നാമനിർദ്ദിഷ്ട ഉപഭോക്താവായിട്ടുള്ള, ഒരു കെട്ടിടത്തിന്റെയോ കെട്ടിട സമുച്ചയത്തിന്റെയോ ഓരോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും, ഊർജ്ജ സംരക്ഷണ കെട്ടിട കോഡുകൾ പാലിക്കണമെന്ന് നിർദ്ദേശിക്കാവുന്നതാണ്;

(ഗ) ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും അതിന്റെ സംരക്ഷണത്തിനും ആവശ്യമെന്ന് തോന്നുന്ന പക്ഷം, (ഖ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതൊരു നാമനിർദ്ദിഷ്ട ഉപഭോക്താവിനോടും, റഗുലേഷനുകളാൽ നിർദ്ദേശിച്ച പ്രകാരമുള്ള രീതിയിലും ഇടവേളകളിലും അംഗീകൃത ഊർജ്ജ ആഡിറ്റർ മുഖേന ഊർജ്ജ ആഡിറ്റ് നടത്തിക്കണമെന്ന് നിർദ്ദേശിക്കാവുന്നതാണ്;

(ഘ) ഈ ആക്റ്റിലെ വ്യവസ്ഥകൾ സംസ്ഥാനത്തിനകത്ത് ഏകോപിപ്പിക്കുന്നതിനും ക്രമപ്പെടുത്തുന്നതിനും നടപ്പിലാക്കുന്നതിനും ഏതൊരു ഏജൻസിയെയും ഒരു നാമനിർദ്ദിഷ്ട ഏജൻസി ആയി നാമനിർദ്ദേശം ചെയ്യാവുന്നതാണ്;

(ങ) ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും അതിന്റെ സംരക്ഷണത്തിനും വേണ്ടി അവബോധം സൃഷ്ടിക്കുന്നതിനും വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനും ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാവുന്നതാണ്;

(ച) ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും അതിന്റെ സംരക്ഷണത്തിനും വേണ്ടി സാങ്കേതിക പദ്ധതികളിൽ ഉദ്യോഗസ്ഥർക്കും വിദഗ്ദ്ധർക്കും പരിശീലനം ഏർപ്പാടാക്കുകയും സംഘടിപ്പിക്കുകയും ചെയ്യാവുന്നതാണ്;

(ഛ) ഊർജ്ജ കാര്യക്ഷമതാ സാമഗ്രികളുടെയും ഉപകരണങ്ങളുടെയും ഉപയോഗത്തിനായി മുൻഗണനാക്രമത്തിലുള്ള പരിഗണന പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്;

(ജ) ഏതൊരു നാമനിർദ്ദിഷ്ട ഉപഭോക്താവിനോടും അങ്ങനെയുള്ള ഉപഭോക്താവ് ഉപയോഗിച്ച ഊർജ്ജത്തെ സംബന്ധിച്ചുള്ള വിവരം, അത് ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള ഫാറത്തിലും രീതിയിലും കാലയളവിലും നാമനിർദ്ദിഷ്ട ഏജൻസിക്ക് നല്കേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്;

(ഝ) 17-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരമുള്ള പരിശോധനയുടെ ആവശ്യങ്ങൾക്കായി ഉൾപ്പെടുത്തേണ്ടതായ സംഗതികൾ നിർദ്ദേശിക്കാവുന്നതാണ്.

16. <u>സംസ്ഥാനസർക്കാരാൽ നിധി ഏർപ്പെടുത്തൽ</u>.—(1) സംസ്ഥാനസർക്കാർ, സംസ്ഥാനത്തിനകത്ത് ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗവും അതിന്റെ സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ആവശ്യങ്ങൾക്കുവേണ്ടി സംസ്ഥാന ഊർജ്ജസംരക്ഷണനിധി എന്ന് വിളിക്കപ്പെടുന്ന ഒരു നിധി രൂപീകരിക്കേണ്ടതാണ്.

(2) ആ നിധിയിലേക്ക്, സംസ്ഥാനസർക്കാരോ കേന്ദ്രസർക്കാരോ അല്ലെങ്കിൽ മറ്റേതെങ്കിലും സംഘടനയോ വ്യക്തിയോ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി നല്കുന്ന എല്ലാ ഗ്രാന്റുകളും വായ്പകളും വരവ് വയ്ക്കേണ്ടതാണ്.

(3) ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ഉണ്ടാകുന്ന ചെലവുകൾ വഹിക്കുന്നതിനായി നിധി വിനിയോഗിക്കേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പിൻ കീഴിൽ രൂപീകരിച്ച നിധി, സംസ്ഥാനസർക്കാർ ഉണ്ടാക്കിയ ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരം അങ്ങനെയുള്ള ആളുകളാലും അല്ലെങ്കിൽ ഏതെങ്കിലും അധികാരസ്ഥാനത്താലും അങ്ങനെയുള്ള രീതിയിലും ഭരിക്കപ്പെടേണ്ടതാണ്.

17. <u>പരിശോധനയ്ക്കുള്ള അധികാരം</u>.—(1) നാമനിർദ്ദിഷ്ട ഏജൻസിക്ക്, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ അഞ്ച് വർഷം അവസാനിച്ചതിനുശേഷം, 14-ാം വകുപ്പ് (ക) ഖണ്ഡത്തിൽ നിർദ്ദേശിച്ചിട്ടുള്ള ഊർജ്ജ ഉപഭോഗ നിലവാരങ്ങളുടെ പാലിക്കൽ ഉറപ്പാക്കുന്നതിനോ അല്ലെങ്കിൽ 14-ാം വകുപ്പ് (ഖ) ഖണ്ഡത്തിൽ നിർദ്ദേശിച്ചിട്ടുള്ള സാമഗ്രികളിലും ഉപകരണങ്ങളിന്മേലുമുള്ള ലേബലിൽ വിവരങ്ങൾ പ്രദർശിപ്പിക്കുന്നത് ഉറപ്പാക്കുന്നതിനോ ഉള്ള ആവശ്യത്തിന് വേണ്ടിയോ അല്ലെങ്കിൽ അവർക്ക് നല്കിയിട്ടുള്ള അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുന്ന ആവശ്യത്തിനുവേണ്ടിയോ ആവശ്യമെന്ന് തോന്നുന്നത്ര പരിശോധനാ ആഫീസർമാരെ നിയമിക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, ഒരു പരിശോധനാ ആഫീസർക്ക് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്:—

(ക) 14-ാം വകുപ്പ് (ഖ) ഖണ്ഡത്തിൽ നിർദ്ദേശിച്ചിട്ടുള്ള സാമഗ്രികളോ ഉപകരണങ്ങളോ ആയി ബന്ധപ്പെട്ടോ അല്ലെങ്കിൽ 14-ാം വകുപ്പ് (ക) ഖണ്ഡത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഊർജ്ജ നിലവാരങ്ങളെ സംബന്ധിച്ചോ നടത്തിവരുന്ന ഏതൊരു പ്രവർത്തനവും പരിശോധിക്കുക;

(ഖ) ഏതെങ്കിലും പ്രവർത്തനങ്ങൾക്ക് ഊർജ്ജം ഉപയോഗിക്കുന്ന നാമനിർദ്ദിഷ്ട ഉപഭോക്താവിന്റെ ഏതൊരു സ്ഥലത്തും പ്രവേശിക്കുന്നതിനോ ഏതൊരു ഉടമസ്ഥനോടോ ജീവനക്കാരനോടോ ഡയറക്ടറോടോ അല്ലെങ്കിൽ സെക്രട്ടറിയോടോ അല്ലെങ്കിൽ ഊർജ്ജത്തിന്റെ സഹായത്തോടെയുള്ള ഏതെങ്കിലും പ്രവർത്തനത്തെ സഹായിക്കുന്നതിനോ നടത്തിക്കൊണ്ടുപോകുന്നതിനോ ഏതെങ്കിലും തരത്തിൽ പങ്കുകൊള്ളുന്ന മറ്റേതെങ്കിലും വ്യക്തിയോടോ—

(i) (ക) താൻ ആവശ്യപ്പെടുന്നതും അങ്ങനെയുള്ള സ്ഥലത്ത് ലഭ്യമാക്കാവുന്നതുമായ ഏതൊരു സാമഗ്രിയും അല്ലെങ്കിൽ ഉപകരണവും;

(ഖ) ഊർജ്ജ ഉപഭോഗ മാനദണ്ഡങ്ങളും നിലവാരങ്ങളും തിട്ടപ്പെടുത്തുന്നതിനായി ഏതൊരു ഉത്പാദന പ്രക്രിയയും,

പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ തനിക്ക് ചെയ്തുതരുവാൻ ആവശ്യപ്പെടാവുന്നതാണ്.

(ii) താൻ ഒത്തുനോക്കിയതോ പരിശോധിച്ചതോ ആയ ഏതൊരു സാമഗ്രിയുടെയോ ഉപകരണത്തിന്റെയോ സ്റ്റോക്ക് സംബന്ധിച്ച വിവരപ്പട്ടിക ഉണ്ടാക്കുന്നതിനുള്ള സൗകര്യങ്ങൾ തനിക്ക് ചെയ്തുതരുവാൻ ആവശ്യപ്പെടാവുന്നതാണ്;

(iii) ഈ ആക്റ്റ് പ്രകാരം ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും അതിന്റെ സംരക്ഷണത്തിനും ഉപകരിച്ചേക്കാവുന്നതോ പ്രസക്തമാകാവുന്നതോ ആയ ഏതൊരു വ്യക്തിയുടെയും പ്രസ്താവന രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം തനിക്ക് ചെയ്തു തരുവാൻ ആവശ്യപ്പെടാവുന്നതാണ്.

(3) ഒരു പരിശോധനാ ആഫീസർക്ക്, നാമനിർദ്ദിഷ്ട ഉപഭോക്താവിന്റെ,—

(ക) ഊർജ്ജത്തിന്റെ സഹായത്തോടെ ഏതെങ്കിലും പ്രവർത്തനം നടത്തുന്ന ഏതൊരു സ്ഥലത്തും;

(ഖ) 14-ാം വകുപ്പ് (ഖ) ഖണ്ഡപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ഏതെങ്കിലും സാമഗ്രികളോ ഉപകരണങ്ങളോ സൂക്ഷിച്ചിട്ടുള്ള ഏതൊരു സ്ഥലത്തും,

അങ്ങനെയുള്ള സ്ഥലം ഉത്പാദനത്തിനായോ അല്ലെങ്കിൽ ആ സ്ഥലവുമായി ബന്ധപ്പെട്ട് ബിസിനസ് നടത്തുന്നതിനോ വേണ്ടി തുറന്നിരിക്കുന്ന സമയത്ത് പ്രവേശിക്കാവുന്നതാണ്.

(4) ഈ വകുപ്പുപ്രകാരം പ്രവർത്തിക്കുന്ന പരിശോധനാ ആഫീസർ, താൻ പ്രവേശിച്ച സ്ഥലത്തു നിന്നും യാതൊരു സാമഗ്രികളോ ഉപകരണങ്ങളോ അക്കൗണ്ട് ബുക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും രേഖകളോ ഒരു കാരണവശാലും നീക്കം ചെയ്യുവാനോ നീക്കം ചെയ്യിക്കപ്പെടുവാനോ പാടുള്ളതല്ല.

18. <u>നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ കേന്ദ്രസർക്കാരിനോ സംസ്ഥാനസർക്കാരിനോ ഉള്ള അധികാരം</u>.—കേന്ദ്രസർക്കാരിന് അല്ലെങ്കിൽ സംസ്ഥാനസർക്കാരിന്, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവഹിക്കുന്നതിനും, ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും അതിന്റെ സംരക്ഷണത്തിനും വേണ്ടി ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ ഏതെങ്കിലും ആളിനോടോ ആഫീസറോടോ അതോറിറ്റിയോടോ അല്ലെങ്കിൽ ഏതെങ്കിലും നാമനിർദ്ദിഷ്ട ഉപഭോക്താവിനോടോ ലിഖിതമായി പുറപ്പെടുവിക്കാവുന്നതും, അങ്ങനെയുള്ള ആളോ ആഫീസറോ അതോറിറ്റിയോ, അല്ലെങ്കിൽ അങ്ങനെയുള്ള നാമനിർദ്ദിഷ്ട ഉപഭോക്താവോ അങ്ങനെയുള്ള നിർദ്ദേശങ്ങൾ പാലിക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

വിശദീകരണം.—സംശയദൂരീകരണത്തിനായി, ഈ വകുപ്പുപ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനുള്ള അധികാരത്തിൽ താഴെപ്പറയുന്നവയും ഉൾപ്പെടുത്തുന്നതാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു—

(ക) ഏതെങ്കിലും വ്യവസായത്തിലോ കെട്ടിടത്തിലോ അല്ലെങ്കിൽ കെട്ടിട സമുച്ചയത്തിലോ പ്രക്രിയകൾക്കും ഊർജ്ജ ഉപഭോഗ നിലവാരങ്ങൾക്കും വേണ്ടതായ മാനദണ്ഡങ്ങളുടെ ക്രമപ്പെടുത്തൽ നിർദ്ദേശിക്കുന്നതിനുള്ള അധികാരം; അല്ലെങ്കിൽ

(ഖ) സാമഗ്രികളുടെയും ഉപകരണങ്ങളുടെയും ഊർജ്ജ ഉപഭോഗ നിലവാരങ്ങളുടെ ക്രമപ്പെടുത്തൽ നിർദ്ദേശിക്കുന്നതിനുള്ള അധികാരം.

## അദ്ധ്യായം VII

## ധനകാര്യവും അക്കൗണ്ടുകളും ബ്യൂറോയുടെ ആഡിറ്റും

19. കേന്ദ്രസർക്കാരിന്റെ ഗ്രാന്റുകളും വായ്പകളും.—കേന്ദ്രസർക്കാരിന്, ഇതിലേക്കായി പാർലമെന്റ് ഉണ്ടാക്കിയ നിയമം മുഖേന യഥാവിധി ധനവിനിയോഗം നടത്തിയതിനുശേഷം, കേന്ദ്രസർക്കാരിന് ആവശ്യമെന്ന് കരുതുന്ന പ്രകാരം, ഗ്രാന്റുകളും അങ്ങനെയുള്ള തുകയ്ക്കുള്ള പണം വായ്പയായും ബ്യൂറോയ്ക്കോ അല്ലെങ്കിൽ സംസ്ഥാനസർക്കാരിനോ കൊടുക്കാവുന്നതാണ്.

20. കേന്ദ്രസർക്കാരാൽ നിധി ഏർപ്പെടുത്തൽ.—(1) കേന്ദ്ര ഊർജ്ജ സംരക്ഷണനിധി എന്ന് വിളിക്കപ്പെടുന്ന ഒരു നിധി രൂപീകരിക്കേണ്ടതും അതിലേക്ക് താഴെപ്പറയുന്നവ വരവ് വയ്ക്കേണ്ടതുമാണ്—

(ക) 19-ാം വകുപ്പുപ്രകാരം കേന്ദ്രസർക്കാർ ബ്യൂറോയ്ക്ക് കൊടുക്കുന്ന ഏതെങ്കിലും ഗ്രാന്റുകളും വായ്പകളും;

(ഖ) ഈ ആക്റ്റ് പ്രകാരം ബ്യൂറോയ്ക്ക് ലഭിക്കുന്ന എല്ലാ ഫീസുകളും;

(ഗ) കേന്ദ്രസർക്കാർ തീരുമാനിക്കുന്ന പ്രകാരമുള്ള മറ്റ് മാർഗ്ഗങ്ങളിൽ നിന്നും ബ്യൂറോയ്ക്ക് ലഭിക്കുന്ന എല്ലാ തുകകളും.

(2) 'നിധി—

(ക) ബ്യൂറോയുടെ ഡയറക്ടർ-ജനറൽ, സെക്രട്ടറി, ആഫീസർമാർ, മറ്റ് ജീവനക്കാർ എന്നിവരുടെ ശമ്പളം, ബത്തകൾ, മറ്റ് വേതനങ്ങൾ;

(ഖ) ബ്യൂറോയ്ക്ക്, 13-ാം വകുപ്പുപ്രകാരം അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള ചെലവുകൾ;

(ഗ) 4-ാം വകുപ്പ് 5-ാം ഉപവകുപ്പുപ്രകാരം ഭരണസമിതിയിലെ അംഗങ്ങൾക്ക് കൊടുക്കേണ്ട ഫീസ്, ബത്തകൾ;

(ഘ) ഈ ആക്റ്റ് പ്രകാരം അംഗീകരിച്ചിട്ടുള്ള ലക്ഷ്യങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടിയുള്ള ചെലവുകൾ,

എന്നിവ വഹിക്കുന്നതിനായി ഉപയോഗിക്കേണ്ടതാണ്.

21. ബ്യൂറോയ്ക്ക് കടം വാങ്ങുന്നതിനുള്ള അധികാരം.—(1) ബ്യൂറോയ്ക്ക്, കേന്ദ്രസർക്കാരിന്റെ അനുമതിയോടുകൂടിയോ അല്ലെങ്കിൽ കേന്ദ്രസർക്കാർ അതിന് പൊതുവായോ അല്ലെങ്കിൽ പ്രത്യേകമായോ നല്കിയിട്ടുള്ള ഏതെങ്കിലും അധികാര പ്രകാരമുള്ള നിബന്ധനകൾക്കനുസൃതമായോ ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ചുമതലകൾ നിർവ്വഹിക്കുന്നതിന് അതിന് യുക്തമെന്ന് തോന്നുന്ന മറ്റ് ഏതെങ്കിലും മാർഗ്ഗത്തിലൂടെയോ പണം കടം വാങ്ങാവുന്നതാണ്.

(2) കേന്ദ്രസർക്കാരിന്, (1)-ാം ഉപവകുപ്പു പ്രകാരം ബ്യൂറോ കടം വാങ്ങിയിട്ടുള്ള വായ്പകൾ സംബന്ധിച്ചുള്ള മുതലും അതിന്മേലുള്ള പലിശയും തിരിച്ചടയ്ക്കുന്നതിനായി, അതിന് യുക്തമെന്ന് തോന്നുന്ന പ്രകാരം ഗാരന്റി നല്കാവുന്നതാണ്.

22. ബജറ്റ്.— ബ്യൂറോ, നിർണ്ണയിക്കപ്പെട്ട പ്രകാരം ഓരോ സാമ്പത്തിക വർഷവും അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തും ബ്യൂറോയുടെ മതിപ്പുവരവുകളും ചെലവുകളും കാണിക്കുന്ന, അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള അതിന്റെ ബജറ്റ് തയ്യാറാക്കേണ്ടതും, ആയത് കേന്ദ്രസർക്കാരിലേക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

23. വാർഷികറിപ്പോർട്ട്.—ബ്യൂറോ, നിർണ്ണയിക്കപ്പെട്ട പ്രകാരം ഓരോ സാമ്പത്തിക വർഷവും അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തും കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ അതിന്റെ പ്രവർത്തനങ്ങളുടെ ഒരു പൂർണ്ണ വിവരണം നല്കുന്ന അതിന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും അതിന്റെ ഒരു പകർപ്പ് കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്യേണ്ടതുമാണ്.

24. വാർഷികറിപ്പോർട്ട് പാർലമെന്റിനു മുമ്പാകെ വയ്ക്കേണ്ടതാണെന്ന്.—കേന്ദ്രസർക്കാർ, 23-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള വാർഷികറിപ്പോർട്ട്, അത് കിട്ടിയതിനുശേഷം എത്രയും പെട്ടെന്ന്, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതാണ്.

25. അക്കൗണ്ടുകളും ആഡിറ്റും.—(1) ബ്യൂറോ, ശരിയായ അക്കൗണ്ടുകളും പ്രസക്തമായ രേഖകളും സൂക്ഷിക്കേണ്ടതും ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലുമായി കൂടിയാലോചിച്ച് കേന്ദ്ര സർക്കാർ നിർണ്ണയിക്കുന്ന അങ്ങനെയുള്ള ഫാറത്തിൽ അക്കൗണ്ടുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) ബ്യൂറോയുടെ അക്കൗണ്ടുകൾ ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറൽ, അദ്ദേഹം നിർദ്ദേശിക്കുന്ന അങ്ങനെയുള്ള ഇടവേളകളിൽ ആഡിറ്റ് ചെയ്യേണ്ടതും അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ഏതൊരു ചെലവും ബ്യൂറോ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന് നല്കേണ്ടതുമാണ്.

(3) ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിനും ബ്യൂറോയുടെ അക്കൗണ്ടുകളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് അദ്ദേഹം നിയമിക്കുന്ന മറ്റേതൊരു ആളിനും, അങ്ങനെയുള്ള ആഡിറ്റ് സംബന്ധിച്ച്, സർക്കാർ അക്കൗണ്ടുകളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന് പൊതുവായുള്ള അതേ അവകാശങ്ങളും വിശേഷാവകാശങ്ങളും അധികാരവും ഉണ്ടായിരിക്കുന്നതും, പ്രത്യേകിച്ച് ബുക്കുകളും അക്കൗണ്ടുകളും ബന്ധപ്പെട്ട വൗച്ചറുകളും മറ്റ് രേഖകളും മറ്റ് പേപ്പറുകളും ഹാജരാക്കുന്നതിന് ആവശ്യപ്പെടുന്നതിനും ബ്യൂറോയുടെ ഏതൊരു ആഫീസുകളും പരിശോധിക്കുന്നതിനും ഉള്ള അവകാശവും ഉണ്ടായിരിക്കുന്നതുമാണ്.

(4) കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലോ അല്ലെങ്കിൽ അദ്ദേഹം ഇതിലേക്കായി നിയമിച്ച മറ്റേതെങ്കിലും ആളോ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള ബ്യൂറോയുടെ അക്കൗണ്ടുകൾ, അതിൻമേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം കേന്ദ്രസർക്കാരിന് വർഷംതോറും അയച്ചുകൊടുക്കേണ്ടതും, ആ സർക്കാർ അത് പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കപ്പെടേണ്ടതുമാണ്.

## അദ്ധ്യായം VIII

### പിഴകളും ന്യായനിർണ്ണയവും

26. പിഴ.—14-ാം വകുപ്പിന്റെ (ഗ) ഖണ്ഡം അല്ലെങ്കിൽ (ഘ) ഖണ്ഡം അല്ലെങ്കിൽ (ജ) ഖണ്ഡം അല്ലെങ്കിൽ (ഝ) ഖണ്ഡം അല്ലെങ്കിൽ (ട) ഖണ്ഡം അല്ലെങ്കിൽ (ഠ) ഖണ്ഡം അല്ലെങ്കിൽ (ഢ) ഖണ്ഡം അല്ലെങ്കിൽ (ദ) ഖണ്ഡം അല്ലെങ്കിൽ (ധ) ഖണ്ഡം, അല്ലെങ്കിൽ 15-ാം വകുപ്പിന്റെ (ഖ) ഖണ്ഡം അല്ലെങ്കിൽ (ഗ) ഖണ്ഡം അല്ലെങ്കിൽ (ജ) ഖണ്ഡത്തിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ ഏതെങ്കിലും ആൾ വീഴ്ച വരുത്തുന്ന പക്ഷം, അയാൾ അങ്ങനെയുള്ള ഓരോ വീഴ്ചയ്ക്കും പതിനായിരം രൂപയിൽ കവിയാത്ത പിഴയ്ക്കും, തുടർന്നുപോരുന്ന ഓരോ വീഴ്ചയുടെ സംഗതിയിലും അങ്ങനെ തുടരുന്ന ഓരോ ദിവസത്തേക്കും ആയിരം രൂപ വരെയാകാവുന്നതുമായ അധിക പിഴയ്ക്കും അർഹനാകുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭത്തീയതി മുതൽ അഞ്ച് വർഷത്തിനുള്ളിൽ യാതൊരാളും പിഴയ്ക്ക് അർഹനാകുന്നതല്ല.

(2) ഈ വകുപ്പുപ്രകാരം നല്കേണ്ടതായ ഏതെങ്കിലും തുക നല്കാത്ത പക്ഷം, ആയത് ഭൂനികുതി കുടിശ്ശിക എന്നതുപോലെ ഈടാക്കാവുന്നതാണ്.

27. ന്യായനിർണ്ണയം ചെയ്യുന്നതിനുള്ള അധികാരം.—(1) 26-ാം വകുപ്പുപ്രകാരം വിധി കല്പിക്കുന്നതിനുള്ള ആവശ്യത്തിനായി സംസ്ഥാന കമ്മീഷൻ, ഏതെങ്കിലും പിഴ ചുമത്തുന്ന ആവശ്യത്തിലേക്കായി ബന്ധപ്പെട്ട ഏതൊരാളെയും കേൾക്കുന്നതിന് ന്യായമായ ഒരവസരം നല്കിയതിനുശേഷം, കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന പ്രകാരമുള്ള രീതിയിൽ ഒരു അന്വേഷണ വിചാരണ നടത്തുന്നതിലേക്കായി, അതിന്റെ ഏതെങ്കിലും അംഗത്തെ ഒരു ന്യായനിർണ്ണയ ആഫീസറായി നിയമിക്കേണ്ടതാണ്.

(2) ഒരു അന്വേഷണ വിചാരണ നടത്തുമ്പോൾ, ന്യായനിർണ്ണയ ആഫീസർക്ക്, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അന്വേഷണ വിചാരണയുടെ വിഷയസംഗതിക്ക് ഉപയോഗപ്പെടുന്നതോ അല്ലെങ്കിൽ പ്രസക്തമായതോ ആയ ഏതെങ്കിലും തെളിവ് നല്കുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും രേഖ ഹാജരാക്കുന്നതിനോ ആയി കേസിന്റെ വസ്തുതകളും സാഹചര്യങ്ങളുമായി നേരിട്ട് അറിവുള്ള ഏതൊരാളെയും സമൺ ചെയ്യുന്നതിനും ഹാജരാക്കിക്കുന്നതിനും ഉള്ള അധികാരം ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള അന്വേഷണ വിചാരണയിൽ 26-ാം വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ഖണ്ഡത്തിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ അയാൾ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെടുകയും ചെയ്യുന്ന പക്ഷം, ആ വകുപ്പിലെ അപ്രകാരമുള്ള ഏതൊരു ഖണ്ഡത്തിലെയും വ്യവസ്ഥകൾക്ക് അനുസൃതമായി തനിക്ക് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള പിഴ അദ്ദേഹത്തിന് ചുമത്താവുന്നതുമാണ്:

എന്നാൽ, ഒരു സംസ്ഥാനത്ത് ഒരു സംസ്ഥാന കമ്മീഷൻ രൂപീകരിച്ചിട്ടില്ലാത്ത പക്ഷം, ആ സംസ്ഥാനത്തെ സർക്കാർ ആ സംസ്ഥാനത്തെ നിയമകാര്യങ്ങൾ നിർവ്വഹിക്കുന്ന സെക്രട്ടറിയുടെ തുല്യ പദവിയിൽ കുറയാത്ത അതിന്റെ ഏതെങ്കിലും ആഫീസറെ ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി ആ സംസ്ഥാനത്തിന്റെ ന്യായനിർണ്ണയ ആഫീസറായി നിയമിക്കേണ്ടതും, അങ്ങനെയുള്ള ആഫീസർ, ആ സംസ്ഥാനത്ത് രൂപീകരിക്കപ്പെടുന്ന സംസ്ഥാന കമ്മീഷനാൽ ന്യായനിർണ്ണയ ആഫീസറുടെ നിയമനം നടക്കുന്ന ഉടൻതന്നെ, ഒരു ന്യായനിർണ്ണയ ആഫീസർ അല്ലാതായി തീരുന്നതുമാണ്:

എന്നുമാത്രമല്ല, ഒരു സംസ്ഥാന സർക്കാരാൽ നിയമിക്കപ്പെടുന്ന ഒരു ന്യായനിർണ്ണയ ആഫീസർ, ഒരു ന്യായനിർണ്ണയ ആഫീസർ അല്ലാതായി തീരുന്നപക്ഷം, അദ്ദേഹം, സംസ്ഥാന കമ്മീഷനാൽ നിയമിക്കപ്പെടുന്ന ന്യായനിർണ്ണയ ആഫീസർക്ക് താൻ ന്യായനിർണ്ണയം ചെയ്തുകൊണ്ടിരുന്ന എല്ലാ കാര്യങ്ങളും കൈമാറേണ്ടതും ആയതിനുശേഷം, അങ്ങനെയുള്ള കാര്യങ്ങളിൻമേലുള്ള പിഴകൾ സംസ്ഥാന സർക്കാർ നിയമിച്ച ന്യായനിർണ്ണയ ആഫീസർ ന്യായനിർണ്ണയം ചെയ്യേണ്ടതുമാണ്.

28. ന്യായനിർണ്ണയ ആഫീസർ കണക്കിലെടുക്കേണ്ട സംഗതികൾ.—26-ാം വകുപ്പുപ്രകാരം പിഴത്തുക ന്യായനിർണ്ണയം ചെയ്യുമ്പോൾ, ന്യായനിർണ്ണയ ആഫീസർ താഴെപ്പറയുന്ന സംഗതികൾക്ക് മതിയായ പരിഗണന നല്കേണ്ടതാണ്, അതായത്:—

(ക) വീഴ്ച വരുത്തിയതിന്റെ ഫലമായി ഉണ്ടായതായ പൊരുത്തപ്പെടാത്ത ലാഭമോ അന്യായ നേട്ടമോ, അവയുടെ തോത് തിട്ടപ്പെടുത്താവുന്ന പക്ഷം;

(ഖ) വീഴ്ച വരുത്തുന്നതിന്റെ ആവർത്തന സ്വഭാവം.

29. സിവിൽ കോടതിക്ക് അധികാരിത ഇല്ലെന്ന്.—ഈ ആക്റ്റ് പ്രകാരം നിയമിക്കപ്പെട്ട ഒരു ന്യായനിർണ്ണയ ആഫീസറോ അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരം തീരുമാനമെടുക്കുന്നതിന് അധികാരപ്പെടുത്തിയ അപ്പലേറ്റ് ട്രിബ്യൂണലോ പരിഗണനയ്ക്കെടുക്കേണ്ടതായ ഏതെങ്കിലും കാര്യങ്ങളെ സംബന്ധിച്ചുള്ള യാതൊരു വ്യവഹാരമോ നടപടിയോ പരിഗണനയ്ക്കെടുക്കുവാൻ സിവിൽ കോടതിക്ക് അധികാരിത ഇല്ലാത്തതും ഈ ആക്റ്റിനാലോ അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരമോ നല്കപ്പെട്ട ഏതെങ്കിലും അധികാരത്തിന് അനുസൃതമായി എടുക്കപ്പെട്ടതോ അല്ലെങ്കിൽ എടുക്കേണ്ടതോ ആയ ഏതെങ്കിലും നടപടിയെ സംബന്ധിച്ച് യാതൊരു കോടതിയോ അല്ലെങ്കിൽ മറ്റ് അധികാരസ്ഥാനമോ ഇൻജംങ്ഷൻ അനുവദിക്കാൻ പാടില്ലാത്തതുമാകുന്നു.

## അദ്ധ്യായം IX

### ഊർജ്ജസംരക്ഷണ അപ്പലേറ്റ് ട്രിബ്യൂണൽ

30. അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിക്കൽ.—കേന്ദ്രസർക്കാർ, വിജ്ഞാപനം വഴി, ഊർജ്ജസംരക്ഷണ അപ്പലേറ്റ് ട്രിബ്യൂണൽ എന്ന് അറിയപ്പെടുന്ന ഒരു ട്രിബ്യൂണൽ, ന്യായനിർണ്ണയ ആഫീസറുടെയോ കേന്ദ്രസർക്കാരിന്റെയോ സംസ്ഥാനസർക്കാരിന്റെയോ അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരമുള്ള മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഉത്തരവിനെതിരെയുള്ള അപ്പീൽ കേൾക്കുന്നതിനായി, സ്ഥാപിക്കേണ്ടതാണ്.

31. അപ്പലേറ്റ് ട്രിബ്യൂണലിലേക്ക് അപ്പീൽ.—(1) ന്യായനിർണ്ണയ ആഫീസറുടെയോ കേന്ദ്രസർക്കാരിന്റെയോ സംസ്ഥാനസർക്കാരിന്റെയോ അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരമുള്ള മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഉത്തരവിൻമേൽ സങ്കടമുള്ള ഏതൊരാൾക്കും ഊർജ്ജസംരക്ഷണ അപ്പലേറ്റ് ട്രിബ്യൂണലിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്:

എന്നാൽ, ഏതെങ്കിലും പിഴ ചുമത്തിക്കൊണ്ടുള്ള ന്യായനിർണ്ണയ ആഫീസറുടെ ഉത്തരവിനെതിരെ അപ്പീൽ സമർപ്പിക്കുന്ന ഏതൊരാളും, അപ്പീൽ ഫയൽ ചെയ്യുമ്പോൾ, അങ്ങനെയുള്ള പിഴത്തുക കെട്ടിവയ്ക്കേണ്ടതാണ്:

എന്നുമാത്രമല്ല, ഏതെങ്കിലും പ്രത്യേക കേസിൽ, അങ്ങനെയുള്ള പിഴ കെട്ടിവയ്ക്കുന്നത് അങ്ങനെയുള്ള ആളിന് അത്യധികം വൈഷമ്യം ഉണ്ടാക്കുമെന്ന് അപ്പലേറ്റ് ട്രിബ്യൂണലിന് അഭിപ്രായമുള്ളപക്ഷം, പിഴ ഈടാക്കൽ ഉറപ്പ് വരുത്തുന്നതിനായി, ചുമത്തേണ്ടത് യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി അപ്പലേറ്റ് ട്രിബ്യൂണലിന് അങ്ങനെയുള്ള കെട്ടിവയ്ക്കൽ ഒഴിവാക്കിക്കൊടുക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഓരോ അപ്പീലും, ന്യായനിർണ്ണയ ആഫീസറോ കേന്ദ്രസർക്കാരോ സംസ്ഥാനസർക്കാരോ അല്ലെങ്കിൽ മറ്റേതെങ്കിലും അധികാരസ്ഥാനമോ പുറപ്പെടുവിച്ച ഉത്തരവിന്റെ ഒരു പകർപ്പ് സങ്കടമനുഭവിക്കുന്ന കക്ഷിക്ക് ലഭിച്ച തീയതി മുതൽ നാല്പത്തിയഞ്ചു ദിവസക്കാലത്തിനുള്ളിൽ ഫയൽ ചെയ്യേണ്ടതും അത് നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിൽ സത്യം ബോധ്യപ്പെടുത്തിയതും അങ്ങനെയുള്ള ഫീസ് സഹിതവും ആയിരിക്കേണ്ടതുമാണ്:

എന്നാൽ, ആ കാലയളവിനുള്ളിൽ അപ്പീൽ സമർപ്പിക്കാതിരിക്കുന്നതിന് മതിയായ കാരണമുണ്ടെന്ന് അപ്പലേറ്റ് ട്രിബ്യൂണലിന് ബോധ്യപ്പെടുന്ന പക്ഷം, പ്രസ്തുത നാല്പത്തിയഞ്ചു ദിവസക്കാലയളവ് കഴിഞ്ഞതിന് ശേഷവും അതിന് അപ്പീൽ പരിഗണനയ്ക്കെടുക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപ്പീൽ സ്വീകരിച്ചുകഴിഞ്ഞാൽ, അപ്പലേറ്റ് അതോറിറ്റിക്ക്, അപ്പീലിലെ കക്ഷികൾക്ക് കേൾക്കുവാനുള്ള ഒരവസരം നല്കിയതിനുശേഷം, ഏത് ഉത്തരവിനെതിരെയാണോ അപ്പീൽ നല്കപ്പെട്ടത് ആ ഉത്തരവ് സ്ഥിരപ്പെടുത്തിക്കൊണ്ടോ, ഭേദഗതി ചെയ്തുകൊണ്ടോ അല്ലെങ്കിൽ അസ്ഥിരപ്പെടുത്തിക്കൊണ്ടോ, അതിന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള ഉത്തരവ് അതിൻമേൽ പാസാക്കാവുന്നതാണ്.

(4) അപ്പലേറ്റ് ട്രിബ്യൂണൽ, അത് പുറപ്പെടുവിച്ച ഓരോ ഉത്തരവിന്റെയും ഒരു പകർപ്പ്, അപ്പീലിലെ കക്ഷികൾക്കും ബന്ധപ്പെട്ട ന്യായനിർണ്ണയ ആഫീസർക്കോ കേന്ദ്രസർക്കാരിനോ സംസ്ഥാനസർക്കാരിനോ അല്ലെങ്കിൽ മറ്റേതെങ്കിലും അധികാരസ്ഥാനത്തിനോ അയച്ചു കൊടുക്കേണ്ടതാണ്.

(5) (1)-ാം ഉപവകുപ്പിൻ കീഴിൽ അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള അപ്പീൽ കഴിയുന്നത്ര വേഗത്തിൽ കൈകാര്യം ചെയ്യേണ്ടതും അപ്പീൽ സ്വീകരിച്ച തീയതി മുതൽ നൂറ്റിഎൺപതു ദിവസത്തിനുള്ളിൽ അപ്പീലിൻമേൽ അവസാന തീർപ്പ് കല്പിക്കാൻ വേണ്ടതായ പരിശ്രമം അത് ചെയ്യേണ്ടതുമാണ്:

എന്നാൽ, പ്രസ്തുത നൂറ്റിഎൺപത് ദിവസത്തിനുള്ളിൽ അപ്പീൽ തീർപ്പാക്കാൻ കഴിയാതെ വരുന്ന പക്ഷം, പ്രസ്തുത കാലയളവിനുള്ളിൽ അപ്പീൽ തീർപ്പാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ അപ്പലേറ്റ് ട്രിബ്യൂണൽ രേഖപ്പെടുത്തേണ്ടതുമാണ്.

(6) അപ്പലേറ്റ് ട്രിബ്യൂണലിന്, അതത്സംഗതിപോലെ, ന്യായനിർണ്ണയ ആഫീസറോ കേന്ദ്രസർക്കാരോ സംസ്ഥാനസർക്കാരോ അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരമുള്ള മറ്റേതെങ്കിലും അധികാരസ്ഥാനമോ ഏതെങ്കിലും നടപടിയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിന്റെ നിയമസാധുതയോ ഔചിത്യമോ അല്ലെങ്കിൽ കൃത്യതയോ പരിശോധിക്കുന്ന ആവശ്യത്തിലേക്കായി, സ്വമേധയാ അല്ലെങ്കിൽ മറ്റു വിധത്തിൽ, അങ്ങനെയുള്ള നടപടികളുടെ റിക്കാർഡുകൾ വിളിച്ചു വരുത്താവുന്നതും അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

32. അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഘടന.—(1) അപ്പലേറ്റ് ട്രിബ്യൂണൽ, ഒരു ചെയർപേഴ്സണും കേന്ദ്രസർക്കാരിന് യുക്തമെന്ന് തോന്നുന്ന നാലിൽ കൂടാത്ത അങ്ങനെയുള്ള എണ്ണം അംഗങ്ങളും ഉൾപ്പെടുന്നതുമാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി,—

(ക) അപ്പലേറ്റ് ട്രിബ്യൂണലിന്റെ അധികാരിത അതിന്റെ ബെഞ്ചുകളാൽ പ്രയോഗിക്കാവുന്നതാണ്;

(ഖ) അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണ്, അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന പ്രകാരം അപ്പലേറ്റ് ട്രിബ്യൂണലിലെ രണ്ടോ അതിലധികമോ അംഗങ്ങളോടുകൂടിയ ഒരു ബെഞ്ച് രൂപീകരിക്കാവുന്നതാണ്:

എന്നാൽ, ഈ ഖണ്ഡപ്രകാരം രൂപീകരിച്ച ഓരോ ബെഞ്ചുകളിലും കുറഞ്ഞത് ഒരു ജുഡീഷ്യൽ മെമ്പറും ഒരു ടെക്നിക്കൽ മെമ്പറും ഉൾപ്പെടുന്നതായിരിക്കണം;

(ഗ) അപ്പലേറ്റ് ട്രിബ്യൂണലിന്റെ ബെഞ്ചുകൾ സാധാരണയായി ഡൽഹിയിലും, കേന്ദ്രസർക്കാർ അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണുമായി കൂടിയാലോചിച്ച് വിജ്ഞാപനം ചെയ്യുന്ന അങ്ങനെയുള്ള മറ്റ് സ്ഥലങ്ങളിലും കൂടേണ്ടതാണ്;

(ഘ) കേന്ദ്രസർക്കാർ ഓരോ ബെഞ്ചും അതിന്റെ അധികാരിത പ്രയോഗിക്കാവുന്ന പ്രദേശത്തെ സംബന്ധിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സൺ, അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഒരു അംഗത്തെ ഒരു ബെഞ്ചിൽ നിന്നും മറ്റൊരു ബെഞ്ചിലേക്ക് സ്ഥലം മാറ്റാവുന്നതാണ്.

വിവരണം:—ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്കായി,—

(i) "ജുഡീഷ്യൽ മെമ്പർ" എന്നാൽ 33-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിലെ ഇനം (i) അല്ലെങ്കിൽ ഇനം (ii) പ്രകാരം അങ്ങനെ നിയമിക്കപ്പെട്ട അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഒരു അംഗം എന്നർത്ഥമാകുന്നതും അതിൽ അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സൺ ഉൾപ്പെടുന്നതുമാകുന്നു;

(ii) "ടെക്നിക്കൽ മെമ്പർ" എന്നാൽ 33-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിലെ ഇനം (iii) അല്ലെങ്കിൽ ഇനം (iv) അല്ലെങ്കിൽ ഇനം (v) അല്ലെങ്കിൽ ഇനം (vi) പ്രകാരം അങ്ങനെ നിയമിക്കപ്പെട്ട അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഒരു അംഗം എന്നർത്ഥമാകുന്നു.

33. അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും നിയമനത്തിനു വേണ്ടതായ യോഗ്യതകൾ.—(1) ഒരാൾ,—

(ക) അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സന്റെ സംഗതിയിൽ, സുപ്രീം കോടതിയിലെ ഒരു ജഡ്ജിയോ അല്ലെങ്കിൽ ഒരു ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസ് ആയിരിക്കുകയോ അല്ലെങ്കിൽ ആയിരുന്നിരിക്കുകയും;

(ഖ) അപ്പലേറ്റ് ട്രിബ്യൂണലിന്റെ അംഗത്തിന്റെ സംഗതിയിൽ,—

(i) ഹൈക്കോടതി ജഡ്ജി ആയിരിക്കുകയോ അല്ലെങ്കിൽ ഹൈക്കോടതി ജഡ്ജി ആകുന്നതിനുള്ള യോഗ്യത ഉണ്ടായിരിക്കുകയോ; അല്ലെങ്കിൽ

(ii) ഇൻഡ്യൻ ലീഗൽ സർവീസിൽ അംഗമായിരിക്കുകയോ അല്ലെങ്കിൽ ആയിരുന്നിരിക്കുകയോ ചെയ്യുകയും ആ സർവീസിൽ ഗ്രേഡ്-I തസ്തികയിൽ കുറഞ്ഞത് മൂന്നു വർഷം സേവനം ചെയ്തിരുന്നിരിക്കുകയും; അല്ലെങ്കിൽ

(iii) കേന്ദ്ര സർക്കാരിന്റെ മന്ത്രാലയത്തിലോ അല്ലെങ്കിൽ ഊർജ്ജം അഥവാ കൽക്കരി അഥവാ പെട്രോളിയവും പ്രകൃതിവാതകവും അല്ലെങ്കിൽ അണുശക്തി കൈകാര്യം ചെയ്യുന്ന വകുപ്പിലോ കുറഞ്ഞത് ഒരു വർഷക്കാലം സെക്രട്ടറി ആയിരിക്കുകയോ അല്ലെങ്കിൽ ആയിരുന്നിരിക്കുകയോ; അല്ലെങ്കിൽ

(iv) കുറഞ്ഞത് ഒരു വർഷക്കാലമെങ്കിലും കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ ചെയർമാൻ ആയിരിക്കുകയോ അല്ലെങ്കിൽ ആയിരുന്നിരിക്കുകയോ; അല്ലെങ്കിൽ

(v) കുറഞ്ഞത് മൂന്നുവർഷക്കാലമെങ്കിലും ബ്യൂറോയുടെ ഡയറക്ടർ-ജനറലോ അല്ലെങ്കിൽ കേന്ദ്ര പവർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ-ജനറലോ അല്ലെങ്കിൽ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സിന്റെ ഡയറക്ടർ-ജനറലോ ആയിരിക്കുകയോ ആയിരുന്നിരിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും തത്തുല്യ തസ്തികയിൽ കുറഞ്ഞത് മൂന്ന് വർഷക്കാലമെങ്കിലും ഉദ്യോഗം വഹിച്ചിട്ടുണ്ടായിരിക്കുകയോ; അല്ലെങ്കിൽ

(vi) ഊർജ്ജം, ഉത്പാദനവും വിതരണവും, ഊർജ്ജ മാനേജ്മെന്റ്, ഊർജ്ജത്തിന്റെ നിലവാര ക്രമീകരണവും കാര്യക്ഷമമായ ഉപയോഗവും അതിന്റെ സംരക്ഷണവും എന്നിവ സംബന്ധിച്ച് സംഗതികൾ കൈകാര്യം ചെയ്യുന്നതിൽ മതിയായ അറിവും പരിചയവും കഴിവും ഉള്ളതും എഞ്ചിനീയറിംഗ്, ധനകാര്യം, വാണിജ്യം, സാമ്പത്തിക ശാസ്ത്രം, നിയമം അഥവാ മാനേജ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കഴിവും കാര്യശേഷിയും പരിചയസമ്പന്നതയും യോഗ്യതയായുള്ള ഒരു ടെക്നിക്കൽ പേഴ്സൺ ആയിരുന്നിരിക്കുകയോ, ചെയ്തിട്ടില്ലാത്തപക്ഷം, അദ്ദേഹത്തിന് അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണോ അല്ലെങ്കിൽ ട്രിബ്യൂണലിന്റെ അംഗമോ ആയി നിയമിക്കപ്പെടുന്നതിന് യോഗ്യതയുണ്ടായിരിക്കുന്നതല്ല.

34. ഔദ്യോഗിക കാലാവധി.—അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണും അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഓരോ അംഗവും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിച്ച തീയതി മുതൽ അഞ്ച് വർഷ കാലത്തേക്ക് അപ്രകാരമുള്ള ഉദ്യോഗം വഹിക്കേണ്ടതാണ്:

എന്നാൽ, അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സൺ അല്ലെങ്കിൽ അപ്പലേറ്റ് ട്രിബ്യൂണലിന്റെ അംഗം,—

(ക) അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സന്റെ സംഗതിയിൽ, എഴുപത് വയസ്സോ;

(ഖ) അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഏതെങ്കിലും അംഗത്തിന്റെ സംഗതിയിൽ അറുപത്തിയഞ്ച് വയസ്സോ,

പൂർത്തിയായതിനുശേഷം അങ്ങനെയുള്ള ഉദ്യോഗം വഹിക്കാൻ പാടുള്ളതല്ല.

35. സേവന നിബന്ധനകളും വ്യവസ്ഥകളും.—അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണും അപ്പലേറ്റ് ട്രിബ്യൂണലിന്റെ അംഗങ്ങൾക്കും നല്കേണ്ട ശമ്പളവും ബത്തകളും അവരുടെ മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്:

എന്നാൽ, അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സന്റെയോ അല്ലെങ്കിൽ അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഒരംഗത്തിന്റെയോ ശമ്പളവും ബത്തകളും അല്ലെങ്കിൽ മറ്റു സേവന നിബന്ധനകളും വ്യവസ്ഥകളും നിയമനത്തിനുശേഷം അദ്ദേഹത്തിനു പ്രതികൂലമാകുന്ന വിധത്തിൽ മാറ്റം വരുത്തുവാൻ പാടുള്ളതല്ല.

36. ഒഴിവുകൾ.—അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സന്റെയോ അല്ലെങ്കിൽ അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഒരംഗത്തിന്റെയോ ഉദ്യോഗത്തിൽ താല്ക്കാലിക അസാന്നിദ്ധ്യമല്ലാതെയുള്ള കാരണത്താൽ ഒഴിവുവരുന്നപക്ഷം, കേന്ദ്രസർക്കാരിന് ഈ ആക്റ്റിലെ വ്യവസ്ഥകളനുസരിച്ച് ആ ഒഴിവ് നികത്തുന്നതിനായി മറ്റൊരാളെ നിയമിക്കാവുന്നതും അപ്പലേറ്റ് ട്രിബ്യൂണലിനു മുമ്പാകെയുള്ള നടപടികൾ ഒഴിവ് നികത്തപ്പെട്ട ഘട്ടം മുതൽ തുടരാവുന്നതുമാണ്.

37. രാജിയും നീക്കംചെയ്യലും.—(1) അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണോ അല്ലെങ്കിൽ അംഗത്തിനോ അദ്ദേഹത്തിന്റെ സ്വന്തം കൈപ്പടയിൽ ലിഖിതമായ നോട്ടീസ് മുഖേന കേന്ദ്ര സർക്കാരിനെ സംബോധന ചെയ്തുകൊണ്ട് തന്റെ ഉദ്യോഗത്തിൽനിന്ന് രാജി വയ്ക്കാവുന്നതാണ്:

എന്നാൽ, അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണെയോ അല്ലെങ്കിൽ അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഒരംഗത്തെയോ ഉടൻ തന്നെ തന്റെ ഉദ്യോഗം വിട്ടൊഴിയുവാൻ കേന്ദ്രസർക്കാർ അനുവദിക്കാത്തപക്ഷം, അങ്ങനെയുള്ള നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ മൂന്ന് മാസം കഴിയുന്നതുവരെയോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പിൻഗാമിയായി യഥാവിധി നിയമിക്കപ്പെട്ട ആൾ തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതുവരെയോ അല്ലെങ്കിൽ തന്റെ ഔദ്യോഗിക കാലാവധി അവസാനിക്കുന്നതുവരെയോ, ഇതിലേതാണോ ആദ്യം വരിക, അതുവരെ ഉദ്യോഗം വഹിക്കുന്നത് തുടരേണ്ടതാണ്.

(2) അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണെയോ അല്ലെങ്കിൽ അപ്പലേറ്റ് ട്രിബ്യൂണലിന്റെ അംഗത്തെയോ അദ്ദേഹത്തിനെതിരെ ചുമത്തിയിട്ടുള്ള കുറ്റം അപ്പലേറ്റ് ട്രിബ്യൂണലിന്റെ ബന്ധപ്പെട്ട ചെയർപേഴ്സണെയോ അല്ലെങ്കിൽ അംഗത്തെയോ അറിയിച്ചുകൊണ്ടും അപ്രകാരം ചുമത്തപ്പെട്ട കുറ്റങ്ങളിൻമേൽ അദ്ദഹത്തെ കേൾക്കുന്നതിന് ന്യായമായ ഒരവസരം നല്കിക്കൊണ്ടും, ഈ ആവശ്യത്തിലേക്കായി രാഷ്ട്രപതിയാൽ നിയമിക്കപ്പെട്ട ഒരാൾ നടത്തിയ അന്വേഷണത്തിന് ശേഷം തെളിയിക്കപ്പെട്ട പെരുമാറ്റ ദൂഷ്യത്തിന്റെയോ അല്ലെങ്കിൽ കഴിവില്ലായ്മയുടെയോ കാരണത്തിൻമേലുള്ള കേന്ദ്രസർക്കാരിനാലുള്ള ഒരു ഉത്തരവ് മുഖേനയല്ലാതെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യുവാൻ പാടുള്ളതല്ല.

38. <u>ചില സാഹചര്യങ്ങളിൽ അംഗം ചെയർപേഴ്സണായി പ്രവർത്തിക്കുമെന്ന്</u>.—(1) അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സന്റെ ഉദ്യോഗത്തിൽ അദ്ദേഹത്തിന്റെ മരണത്താലോ രാജിയാലോ അല്ലെങ്കിൽ മറ്റു വിധത്തിലോ ഒഴിവ് ഉണ്ടാകുന്ന സന്ദർഭത്തിൽ, അങ്ങനെയുള്ള ഒഴിവ് നികത്തുന്നതിനായി ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി നിയമിക്കപ്പെട്ട ഒരു പുതിയ ചെയർപേഴ്സൺ, തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതിവരെ, അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഏറ്റവും സീനിയറായ അംഗം അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണായി പ്രവർത്തിക്കേണ്ടതാണ്.

(2) അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണ്, അസാന്നിദ്ധ്യമോ അസുഖമോ അല്ലെങ്കിൽ മറ്റേതെങ്കിലും കാരണത്താലോമൂലം തന്റെ ചുമതലകൾ നിർവ്വഹിക്കാൻ കഴിയാതെവന്നാൽ, അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഏറ്റവും സീനിയറായ അംഗം അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സൺ അദ്ദേഹത്തിന്റെ ചുമതലകൾ പുനരാരംഭിക്കുന്നതുവരെ, അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സന്റെ ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

39. <u>അപ്പലേറ്റ് ട്രിബ്യൂണലിലെ സ്റ്റാഫ്</u>.—(1) കേന്ദ്രസർക്കാർ, അതിന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള ആഫീസർമാരെയും ജീവനക്കാരെയും അപ്പലേറ്റ് ട്രിബ്യൂണലിന് നല്കേണ്ടതാണ്.

(2) അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സന്റെ പൊതുവായ മേൽനോട്ടത്തിൻകീഴിൽ അപ്പലേറ്റ് ട്രിബ്യൂണലിന്റെ ആഫീസർമാരും ജീവനക്കാരും, അതത് സംഗതിപോലെ, അവരുടെ ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

(3) അപ്പലേറ്റ് ട്രിബ്യൂണലിന്റെ ആഫീസർമാരുടെയും ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റു സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്.

40. <u>അപ്പലേറ്റ് ട്രിബ്യൂണലിന്റെ നടപടിക്രമവും അധികാരങ്ങളും</u>.—(1) അപ്പലേറ്റ് ട്രിബ്യൂണലിന്, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൽ വിവരിച്ചിട്ടുള്ള നടപടിക്രമങ്ങൾ ബാധകമല്ലാത്തതും, എന്നാൽ സ്വാഭാവിക നീതികളാൽ നയിക്കപ്പെട്ടും ഈ ആക്റ്റിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായും അപ്പലേറ്റ് ട്രിബ്യൂണലിന് അതിന്റേതായ നടപടിക്രമങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) അപ്പലേറ്റ് ട്രിബ്യൂണലിന്, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള ആവശ്യങ്ങൾക്കായി, ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5) പ്രകാരം ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെപ്പറയുന്ന സംഗതികൾ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) ഏതൊരാളെയും സമൺചെയ്യുന്നതിനും ഹാജരാകാൻ നിർബന്ധിക്കുന്നതിനും ശപഥത്തിൻമേൽ വിസ്തരിക്കുന്നതിനും;

(ഖ) രേഖകൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന്;

(ഗ) സത്യവാങ്മൂലങ്ങളിൻമേൽ തെളിവ് സ്വീകരിക്കൽ;

(ഘ) ഇൻഡ്യൻ തെളിവ് ആക്റ്റ്, 1872 (1872-ലെ 1)-ലെ 123-ഉം 124-ഉം വകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഏതൊരു ആഫീസിൽ നിന്നും എന്തെങ്കിലും പൊതു റിക്കാർഡോ രേഖയോ അല്ലെങ്കിൽ അങ്ങനെയുള്ള റിക്കാർഡിന്റെയോ രേഖയുടെയോ പകർപ്പോ ആവശ്യപ്പെടുന്നതിനും;

(ങ) സാക്ഷികളെ വിസ്തരിക്കുന്നതിന് അല്ലെങ്കിൽ രേഖകൾ പരിശോധിക്കുന്നതിന് കമ്മീഷനുകളെ നിയമിക്കുന്നതിന്;

(ച) അതിന്റെ തീരുമാനങ്ങൾ പുനഃപരിശോധിക്കുന്നതിന്;

(ഛ) വീഴ്ചയുള്ള നിവേദനം തള്ളിക്കളയുന്നതിനോ അല്ലെങ്കിൽ അത് എക്സ്പാർട്ടിയായി തീരുമാനിക്കുന്നതിനോ;

(ജ) വീഴ്ചയുള്ള ഏതെങ്കിലും നിവേദനം തള്ളിക്കളഞ്ഞുകൊണ്ടുള്ള ഏതൊരു ഉത്തരവും അല്ലെങ്കിൽ അത് എക്സ്പാർട്ടിയായി തീരുമാനിച്ചുകൊണ്ടുള്ള ഏതൊരു ഉത്തരവും അസ്ഥിരപ്പെടുത്തുന്നതിന്;

(ഡ) കേന്ദ്രസർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന മറ്റ് ഏതെങ്കിലും സംഗതി.

(3) ഈ ആക്റ്റ് പ്രകാരം അപ്പലേറ്റ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഒരു ഉത്തരവ് ഒരു സിവിൽ കോടതിയുടെ ഡിക്രി എന്നതുപോലെ അപ്പലേറ്റ് ട്രിബ്യൂണലിന് നടപ്പാക്കാവുന്നതും ഈ ആവശ്യത്തിനായി അപ്പലേറ്റ് ട്രിബ്യൂണലിന് ഒരു സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതുമാണ്.

(4) (3)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അപ്പലേറ്റ് ട്രിബ്യൂണലിന് അത് പുറപ്പെടുവിച്ച ഏതൊരു ഉത്തരവും തദ്ദേശാധികാരിതയുള്ള ഒരു സിവിൽ കോടതിക്ക് അയച്ചുകൊടുക്കാവുന്നതും അങ്ങനെയുള്ള സിവിൽ കോടതി ആ ഉത്തരവ് ആ കോടതിയാൽ പുറപ്പെടുവിക്കപ്പെട്ട ഒരു ഡിക്രി എന്നതുപോലെതന്നെ നടപ്പിലാക്കേണ്ടതുമാണ്.

(5) അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെയുള്ള എല്ലാ നടപടികളും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45)-ലെ 193-ഉം 228-ഉം വകുപ്പുകളുടെ അർത്ഥത്തിനുള്ളിൽ വരുന്ന നീതിന്യായ നടപടികളായി കരുതപ്പെടേണ്ടതും, ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ലെ 345-ഉം 346-ഉം വകുപ്പുകളുടെ ആവശ്യത്തിനായി അപ്പലേറ്റ് ട്രിബ്യൂണലിനെ ഒരു സിവിൽ കോടതി ആയി കരുതപ്പെടേണ്ടതുമാണ്.

41. ബെഞ്ചുകൾക്കിടയിൽ ബിസിനസ് കാര്യങ്ങൾ വീതിക്കൽ.—ബെഞ്ചുകൾ രൂപീകരിച്ചിട്ടുള്ളിടത്ത്, അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണ്, സമയാസമയങ്ങളിൽ വിജ്ഞാപനംവഴി ബെഞ്ചുകൾക്കിടയിൽ അപ്പലേറ്റ് ട്രിബ്യൂണലിന്റെ ബിസിനസ് വീതിച്ചുനല്കുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതും ഓരോ ബെഞ്ചും കൈകാര്യം ചെയ്യേണ്ട സംഗതികൾക്ക് വ്യവസ്ഥ ചെയ്യാവുന്നതുമാണ്.

42. കേസുകൾ മാറ്റുന്നതിന് ചെയർപേഴ്സണുള്ള അധികാരം.—അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണ് ഏതെങ്കിലും കക്ഷികളുടെ അപേക്ഷയിന്മേലും കക്ഷികൾ നോട്ടീസ് നല്കിയതിനുശേഷവും അദ്ദേഹം കേൾക്കുവാൻ ആഗ്രഹിക്കുന്ന അങ്ങനെയുള്ള ആളുകളെ കേട്ടതിനുശേഷവും അല്ലെങ്കിൽ അങ്ങനെയുള്ള നോട്ടീസ് കൂടാതെ സ്വമേധയാ, ഒരു ബെഞ്ച് മുമ്പാകെ തീർപ്പാക്കലിനായി നിലവിലുള്ള ഏതൊരു കേസും മറ്റേതൊരു ബെഞ്ചിലേക്കും മാറ്റാവുന്നതാണ്.

43. തീരുമാനം ഭൂരിപക്ഷപ്രകാരമായിരിക്കണമെന്ന്.—രണ്ട് അംഗങ്ങളടങ്ങുന്ന അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഒരു ബെഞ്ചിലെ അംഗങ്ങൾക്ക് ഏതെങ്കിലും പ്രശ്നത്തിൽ അഭിപ്രായ ഭിന്നത ഉണ്ടാകുന്നപക്ഷം, അവർക്ക് ഭിന്നതയുള്ള പ്രശ്നമോ പ്രശ്നങ്ങളോ അവ വിവരിച്ചുകൊണ്ട് അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണ് ഒരു റഫറൻസ് നടത്തേണ്ടതും ആ പ്രശ്നമോ പ്രശ്നങ്ങളോ ഒന്നുകിൽ അദ്ദേഹം തന്നത്താൻ കേൾക്കേണ്ടതും അല്ലെങ്കിൽ ആ പ്രശ്നമോ പ്രശ്നങ്ങളോ കേൾക്കുന്നതിനായി അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഒന്നോ അതിലധികമോ മറ്റ് അംഗങ്ങൾക്ക് കേസ് റഫർ ചെയ്യേണ്ടതും കേസ് ആദ്യം കേട്ടവർ ഉൾപ്പെടെ ആ കേസ് കേട്ട അപ്പലേറ്റ് ട്രിബ്യൂണലിന്റെ അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായത്തിനനുസൃതമായി അങ്ങനെയുള്ള പ്രശ്നമോ പ്രശ്നങ്ങളോ തീരുമാനിക്കേണ്ടതുമാണ്.

44. അപ്പീൽവാദിക്ക് ലീഗൽ പ്രാക്റ്റീഷണറുടെയോ അല്ലെങ്കിൽ അംഗീകൃത ആഡിറ്ററുടെയോ സഹായം തേടാനും സർക്കാരിന് പ്രസന്റിംഗ് ആഫീസറെ നിയമിക്കാനും ഉള്ള അവകാശം.—(1) ഈ ആക്റ്റ് പ്രകാരം അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെ അപ്പീൽ ബോധിപ്പിക്കുന്ന ഒരാൾക്ക് അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെ തന്റെ കേസ് ബോധിപ്പിക്കുന്നതിന്, അതത് സംഗതിപോലെ, ഒന്നുകിൽ നേരിട്ട് ഹാജരാകുകയോ അല്ലെങ്കിൽ ഒരു ലീഗൽ പ്രാക്റ്റീഷണറുടെയോ അല്ലെങ്കിൽ തനിക്ക് ഇഷ്ടമുള്ള ഒരു അംഗീകൃത ഊർജ്ജ ആഡിറ്ററുടെയോ സഹായം തേടാവുന്നതാണ്.

(2) കേന്ദ്രസർക്കാരിനോ അല്ലെങ്കിൽ സംസ്ഥാനസർക്കാരിനോ ഒന്നോ അതിലധികമോ ലീഗൽ പ്രാക്റ്റീഷണർമാരെയോ, അല്ലെങ്കിൽ ഏതെങ്കിലും ആഫീസർമാരെയോ പ്രസന്റിംഗ് ആഫീസർമാരായി പ്രവർത്തിക്കുന്നതിന് അധികാരപ്പെടുത്താവുന്നതും, അതത് സംഗതിപോലെ, അങ്ങനെ അധികാരപ്പെടുത്തപ്പെട്ട ഓരോ ആളും അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെയുള്ള ഏതൊരു അപ്പീൽ സംബന്ധിച്ചുള്ള കേസും ബോധിപ്പിക്കേണ്ടതുമാണ്.

45. സുപ്രീം കോടതിയിലേക്ക് അപ്പീൽ.—അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഏതെങ്കിലും തീരുമാനമോ ഉത്തരവോമൂലം സങ്കടമുള്ള ഏതൊരാൾക്കും അപ്പലേറ്റ് ട്രിബ്യൂണലിൽനിന്നും തീരുമാനത്തിന്റെയോ ഉത്തരവിന്റെയോ അറിയിപ്പ് തീയതിമുതൽ അറുപതു ദിവസത്തിനുള്ളിൽ സിവിൽ നടപടി

നിയമസംഹിത, 1908 (1908-ലെ 5)-ലെ 100-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഒന്നോ അതിലധികമോ കാരണങ്ങളിൻമേൽ സുപ്രീം കോടതിയിൽ ഒരു അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്:

എന്നാൽ , സുപ്രീം കോടതിക്ക്, അപ്പീൽവാദി, പ്രസ്തുത കാലാവധിക്കുള്ളിൽ അപ്പീൽ ഫയൽ ചെയ്യുന്നതിൽ നിന്നും മതിയായ കാരണത്താൽ തടയപ്പെട്ടിരുന്നു എന്ന് അതിന് ബോദ്ധ്യപ്പെടുന്ന പക്ഷം, അതു ഫയൽ ചെയ്യുന്നതിന് അറുപതു ദിവസത്തിൽ കവിയാത്ത കൂടുതൽ കാലാവധി അനുവദിക്കാവുന്നതാണ്.

## അദ്ധ്യായം X

### പലവക

46. ബ്യൂറോയ്ക്ക് നിർദ്ദേശങ്ങൾ നല്കാൻ കേന്ദ്രസർക്കാരിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ മേല്പറഞ്ഞ വ്യവസ്ഥകൾക്ക് ഭംഗം വരാതെ, ബ്യൂറോ, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിലും ചുമതലകൾ നിർവ്വഹിക്കുന്നതിലും അതിന്, കേന്ദ്രസർക്കാർ സമയാസമയങ്ങളിൽ നയപരമായ പ്രശ്നങ്ങളിൻമേൽ ലിഖിതമായി നല്കുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ പാലിക്കാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പുപ്രകാരമുള്ള നിർദ്ദേശങ്ങൾ നല്കുന്നതിന് മുമ്പായി, പ്രായോഗികമാകുന്നിടത്തോളം, ബ്യൂറോയ്ക്ക് അതിന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരം നല്കേണ്ടതാണ്.

(2) ഒരു പ്രശ്നം നയപരമായ ഒന്നാണോ അല്ലയോ എന്നതിൽ കേന്ദ്രസർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

47. ബ്യൂറോയെ അസ്ഥിരപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരം.—(1) (ക) ഗുരുതരമായ അടിയന്തിര സാഹചര്യം കാരണം ഈ ആക്റ്റിനാലോ അതിൻ കീഴിലോ ബ്യൂറോയിൽ ചുമത്തപ്പെട്ട ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് അതിന് കഴിയാതെ വരികയോ അല്ലെങ്കിൽ

(ഖ) ബ്യൂറോ, ഈ ആക്റ്റ് പ്രകാരം കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ഏതെങ്കിലും നിർദ്ദേശം അനുസരിക്കുന്നതിലോ ഈ ആക്റ്റിനാലോ അതിൻകീഴിലോ അതിൻമേൽ ചുമത്തിയിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിലോ നിരന്തരമായി വീഴ്ചവരുത്തുകയും അങ്ങനെയുള്ള വീഴ്ചയുടെ ഫലമായി ബ്യൂറോയുടെ സാമ്പത്തികനില മോശമാവുകയോ അല്ലെങ്കിൽ ബ്യൂറോയുടെ ഭരണം മോശമാവുകയോ; അല്ലെങ്കിൽ

(ഗ) അങ്ങനെ ചെയ്യുന്നത് പൊതുതാല്പര്യത്തിന് ആവശ്യമായി വരുന്ന സാഹചര്യങ്ങൾ നിലനില്ക്കുകയോ,

ചെയ്യുന്നതായി കേന്ദ്രസർക്കാരിന് ഏതെങ്കിലും സമയം അഭിപ്രായമുള്ളപക്ഷം കേന്ദ്രസർക്കാരിന് വിജ്ഞാപനം വഴി, വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുള്ള ആറു മാസത്തിൽ കവിയാത്ത, അങ്ങനെയുള്ള കാലയളവിലേക്ക് ബ്യൂറോയെ അസ്ഥിരപ്പെടുത്താവുന്നതാണ്.

(2) ബ്യൂറോയെ നീക്കം ചെയ്തുകൊണ്ട് (1)-ാം ഉപവകുപ്പു പ്രകാരമുള്ള വിജ്ഞാപനം പരസ്യപ്പെടുത്തുന്ന മുറയ്ക്ക്,—

(ക) 4-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിന്റെ (ണ), (ത), (ഥ) ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള എല്ലാ അംഗങ്ങളും അവരുടെ അങ്ങനെയുള്ള ഉദ്യോഗം, നീക്കം ചെയ്യൽ തീയതി മുതൽ ഒഴിയേണ്ടതാണ്;

(ഖ) ഈ ആക്റ്റിനാലോ അതിൻകീഴിലോ ഉള്ള വ്യവസ്ഥകൾ പ്രകാരം ബ്യൂറോയോ ബ്യൂറോയ്ക്ക് വേണ്ടിയോ വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യാവുന്ന എല്ലാ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും (3)-ാം ഉപവകുപ്പുപ്രകാരം ബ്യൂറോ പുനഃസംഘടിപ്പിക്കുന്നതുവരെ കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള ആളിനോ ആളുകൾക്കോ വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യാവുന്നതാണ്;

(ഗ) ബ്യൂറോയുടെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള എല്ലാ സ്വത്തും, (3)-ാം ഉപവകുപ്പുപ്രകാരം ബ്യൂറോ, പുനഃസംഘടിപ്പിക്കുന്നതുവരെ, കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുള്ള നീക്കം ചെയ്യൽ കാലാവധി കഴിഞ്ഞതിൻമേൽ കേന്ദ്രസർക്കാരിന് പുതിയ നിയമനം വഴി ബ്യൂറോ പുനഃസംഘടിപ്പിക്കുവാനും അത്തരം സംഗതിയിൽ (2)-ാം ഉപവകുപ്പിന്റെ (ക) ഖണ്ഡപ്രകാരം ഉദ്യോഗം ഒഴിഞ്ഞിട്ടുള്ള ആളിനെയോ ആളുകളെയോ നിയമനത്തിന് അയോഗ്യരായി കരുതപ്പെടാവുന്നതല്ല.

എന്നാൽ, കേന്ദ്രസർക്കാരിന്, അസാധുവാക്കൽ കാലാവധി കഴിയും മുമ്പ് ഏതു സമയത്തും, ഈ ഉപവകുപ്പുപ്രകാരം നടപടി എടുക്കാവുന്നതാണ്.

(4) കേന്ദ്രസർക്കാർ, (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനവും ഈ വകുപ്പുപ്രകാരം എടുത്ത ഏതൊരു നടപടിയുടെയും അങ്ങനെയുള്ള നടപടിയിലേക്ക് നയിച്ച സാഹചര്യങ്ങളുടെയും ഒരു പൂർണ്ണ റിപ്പോർട്ടും കഴിവതും വേഗം പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതുമാണ്.

48. കമ്പനികളാലുള്ള വീഴ്ചകൾ.—(1) 14-ാം വകുപ്പിലെ (ഗ) ഖണ്ഡമോ (ഘ) ഖണ്ഡമോ (ജ) ഖണ്ഡമോ (ഝ) ഖണ്ഡമോ (ട) ഖണ്ഡമോ (ഠ) ഖണ്ഡമോ (ഢ) ഖണ്ഡമോ (ദ) ഖണ്ഡമോ (ധ) ഖണ്ഡമോ അല്ലെങ്കിൽ 15-ാം വകുപ്പിലെ (ഖ) ഖണ്ഡമോ (ഗ) ഖണ്ഡമോ (ജ) ഖണ്ഡമോ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നതിൽ ഒരു കമ്പനി വീഴ്ച വരുത്തുന്നപക്ഷം, അങ്ങനെയുള്ള ലംഘനസമയത്ത് കമ്പനിയുടെ ചുമതല ഉണ്ടായിരുന്നതും കമ്പനിയുടെ ബിസിനസ് നടത്തിപ്പിന് കമ്പനിയോട് ഉത്തരവാദിത്തമുണ്ടായിരുന്നതും ആയ ഓരോ ആളും, അതുപോലെതന്നെ കമ്പനിയും പ്രസ്തുത വ്യവസ്ഥകൾ ലംഘിച്ച് പ്രവർത്തിച്ചുവെന്ന് കരുതപ്പെടുന്നതും അവർക്കെതിരെ നടപടി എടുക്കുന്നതിനും 26-ാം വകുപ്പ് അനുസരിച്ചുള്ള പിഴ ചുമത്തപ്പെടുന്നതിനും അർഹരാക്കുന്നതാണ്:

എന്നാൽ, മേൽപറഞ്ഞ വ്യവസ്ഥകളുടെ ലംഘനം നടത്തിയത് തന്റെ അറിവോടെയല്ലെന്നോ അല്ലെങ്കിൽ താൻ മേൽപറഞ്ഞ വ്യവസ്ഥകളുടെ ലംഘനം തടയുന്നതിന് വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നെന്നും തെളിയിക്കുന്നപക്ഷം, ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ ഏതെങ്കിലും ആളെ ഈ ആക്റ്റിൽ വ്യവസ്ഥചെയ്തിട്ടുള്ള പിഴയ്ക്ക് അർഹനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 14-ാം വകുപ്പിലെ (ഗ) ഖണ്ഡമോ (ഘ) ഖണ്ഡമോ (ജ) ഖണ്ഡമോ (ഝ) ഖണ്ഡമോ (ട) ഖണ്ഡമോ (ഠ) ഖണ്ഡമോ (ഢ) ഖണ്ഡമോ (ദ) ഖണ്ഡമോ (ധ) ഖണ്ഡമോ അല്ലെങ്കിൽ 15-ാം വകുപ്പിലെ (ഖ) ഖണ്ഡമോ (ഗ) ഖണ്ഡമോ (ജ) ഖണ്ഡമോ പ്രകാരമുള്ള വ്യവസ്ഥകളുടെ ഏതെങ്കിലും ലംഘനം, ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ അല്ലെങ്കിൽ കമ്പനിയിലെ മറ്റ് ആഫീസറുടെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടെയോ അല്ലെങ്കിൽ അവർക്കെതിരെ ആരോപിക്കപ്പെടാവുന്ന രീതിയിലോ അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷകാരണമായാണോ നടത്തപ്പെട്ടിട്ടുള്ളതെങ്കിൽ, അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ അല്ലെങ്കിൽ മറ്റ് ആഫീസറോ പ്രസ്തുത വ്യവസ്ഥകൾ ലംഘിച്ചതായി കരുതപ്പെടുന്നതും അതിനനുസൃതമായി നടപടി എടുക്കപ്പെടുന്നതിനും പിഴ ചുമത്തപ്പെടുന്നതിനും അർഹനാകുന്നതുമാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി "കമ്പനി" എന്നാൽ ഒരു ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ അല്ലെങ്കിൽ മറ്റു വ്യക്തികളുടെ അസോസിയേഷനോ ഉൾപ്പെടുന്നതുമാകുന്നു.

49. ആദായത്തിൻമേലുള്ള നികുതിയിൽ നിന്നും ഒഴിവാക്കൽ.—ആദായനികുതി ആക്റ്റ്, 1961 (1961-ലെ 43)-ലോ അല്ലെങ്കിൽ ആദായം, ലാഭങ്ങൾ അല്ലെങ്കിൽ നേട്ടങ്ങൾ എന്നിവയിൻമേലുള്ള നികുതിയെ സംബന്ധിച്ച് തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(ക) ബ്യൂറോ;

(ഖ) നിലവിലുള്ള ഊർജ്ജമാനേജ്മെന്റ് സെന്റർ അതിന്റെ രൂപീകരണ തീയതി മുതൽ ബ്യൂറോയുടെ സ്ഥാപന തീയതിവരെ,

ഏതെങ്കിലും ആദായനികുതിയോ അല്ലെങ്കിൽ അവർക്ക് ലഭിച്ചിട്ടുള്ള ആദായം, ലാഭം അല്ലെങ്കിൽ നേട്ടങ്ങൾ എന്നിവ സംബന്ധിച്ച് ഏതെങ്കിലും നികുതിയോ കൊടുക്കുവാൻ ബാദ്ധ്യസ്ഥരല്ല.

50. ഉത്തമ വിശ്വാസത്തിൽ എടുത്തനടപടിക്ക് സംരക്ഷണം.—കേന്ദ്രസർക്കാരിനോ ഡയറക്ടർ-ജനറലിനോ സെക്രട്ടറിക്കോ സംസ്ഥാനസർക്കാരിനോ അല്ലെങ്കിൽ ആ സർക്കാരുകളിലെ ഏതെങ്കിലും ആഫീസർക്കോ അല്ലെങ്കിൽ സംസ്ഥാന കമ്മീഷനോ അതിലെ അംഗങ്ങൾക്കോ അല്ലെങ്കിൽ ബ്യൂറോയിലെ ഏതെങ്കിലും അംഗത്തിനോ ആഫീസർക്കോ മറ്റ് ജീവനക്കാരനോ എതിരെ, ഈ ആക്റ്റ് പ്രകാരമോ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ റഗുലേഷനുകളോ പ്രകാരം ഉത്തമ വിശ്വാസത്തോടെ ചെയ്തതോ അല്ലെങ്കിൽ ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതുമായ ഏതെങ്കിലും കാര്യത്തിൻമേൽ, യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടിയോ നിലനില്ക്കുന്നതല്ല.

51. ഏല്പിച്ചുകൊടുക്കൽ.—ബ്യൂറോയ്ക്ക് ഏതെങ്കിലും അംഗത്തിനോ കമ്മിറ്റിയിലെ അംഗത്തിനോ ബ്യൂറോയിലെ ആഫീസർക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും ആളിനോ, ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള നിബന്ധനകൾ ഏതെങ്കിലും ഉണ്ടെങ്കിൽ, വിധേയമായി ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും (58-ാം വകുപ്പുപ്രകാരമുള്ള അധികാരങ്ങൾ ഒഴികെ) സാമാന്യമോ പ്രത്യേകമോ ആയ ലിഖിതമായ ഉത്തരവു മുഖേന ഏല്പിച്ചു കൊടുക്കാവുന്നതാണ്.

52. വിവരങ്ങൾ ലഭിക്കാനുള്ള അധികാരം.—ഓരോ നാമനിർദ്ദിഷ്ട ഉപഭോക്താവും അല്ലെങ്കിൽ 14-ാം വകുപ്പ് (ഖ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള സാമഗ്രിയുടെയോ ഉപകരണത്തിന്റെയോ ഓരോ നിർമ്മാതാവും ബ്യൂറോ ആവശ്യപ്പെടുന്ന പ്രകാരമുള്ളതായ വിവരങ്ങളും ഏതെങ്കിലും സാമഗ്രിയോ ഉപകരണമോ ആയി ബന്ധപ്പെട്ട് ഉപയോഗിച്ചിട്ടുള്ള ഏതെങ്കിലും പദാർത്ഥത്തിന്റെയോ അല്ലെങ്കിൽ സാധനത്തിന്റെയോ സാമ്പിളും ബ്യൂറോയ്ക്ക് നല്കേണ്ടതാണ്.

53. ഒഴിവാക്കുന്നതിനുള്ള അധികാരം.—കേന്ദ്രസർക്കാരിനോ അല്ലെങ്കിൽ സംസ്ഥാനസർക്കാരിനോ പൊതുതാത്പര്യാർത്ഥം അപ്രകാരം ചെയ്യുന്നത് ആവശ്യമാണെന്നോ അല്ലെങ്കിൽ യുക്തമാണെന്നോ അഭിപ്രായമുള്ളപക്ഷം, അതിന് വിജ്ഞാപനം വഴി, വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുള്ളതായ അങ്ങനെയുള്ള നിബന്ധനകൾക്ക് വിധേയമായി, ഏതൊരു നാമനിർദ്ദിഷ്ട ഉപഭോക്താവിനെയോ അല്ലെങ്കിൽ നാമനിർദ്ദിഷ്ട ഉപഭോക്താക്കളുടെ ഒരു വിഭാഗത്തെയോ ഈ ആക്റ്റിലെ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ വ്യവസ്ഥകളിൽ നിന്ന് ഒഴിവാക്കാവുന്നതാണ്:

എന്നാൽ, കേന്ദ്രസർക്കാരോ അല്ലെങ്കിൽ സംസ്ഥാനസർക്കാരോ, അതത്സംഗതിപോലെ, ഏതെങ്കിലും നാമനിർദ്ദിഷ്ട ഉപഭോക്താവിനോ അല്ലെങ്കിൽ നാമനിർദ്ദിഷ്ട ഉപഭോക്താക്കളുടെ വിഭാഗത്തിനോ അഞ്ചു വർഷത്തിൽ കവിയുന്ന കാലയളവിലേക്ക് ഒഴിവാക്കൽ അനുവദിക്കാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, കേന്ദ്രസർക്കാരോ അല്ലെങ്കിൽ സംസ്ഥാനസർക്കാരോ, അതത്സംഗതിപോലെ, അങ്ങനെയുള്ള ഒഴിവാക്കൽ അനുവദിക്കുന്നതിനു മുമ്പായി ഊർജ്ജ കാര്യക്ഷമതാ ബ്യൂറോയുമായി കൂടിയാലോചിക്കേണ്ടതാണ്.

54. അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണും അംഗങ്ങളും ആഫീസർമാരും ജീവനക്കാരും സംസ്ഥാന കമ്മീഷനിലെ അംഗങ്ങളും, ബ്യൂറോയിലെ ഡയറക്ടർ-ജനറലും, സെക്രട്ടറിയും, അംഗങ്ങളും ആഫീസർമാരും, ജീവനക്കാരും, പബ്ളിക് സർവന്റുമാരായിരിക്കുമെന്ന്.—അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണോ അപ്പലേറ്റ് ട്രിബ്യൂണലിന്റെ അംഗങ്ങളോ അല്ലെങ്കിൽ അപ്പലേറ്റ് ട്രിബ്യൂണലിന്റെ ആഫീസർമാരോ ജീവനക്കാരോ അല്ലെങ്കിൽ സംസ്ഥാന കമ്മീഷനിലെ അംഗങ്ങളോ അല്ലെങ്കിൽ ബ്യൂറോയിലെ അംഗങ്ങളും ഡയറക്ടർ-ജനറലും സെക്രട്ടറിയും ആഫീസർമാരും മറ്റ് ജീവനക്കാരും, ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾക്കനുസൃതമായി പ്രവർത്തിക്കുമ്പോഴോ അല്ലെങ്കിൽ പ്രവർത്തിക്കുന്നതായി കരുതപ്പെടുമ്പോഴോ അവർ ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45)-ലെ 21-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിക്കുള്ളിൽ വരുന്ന പബ്ളിക് സർവന്റുമാരായി കരുതപ്പെടേണ്ടതാണ്.

55. നിർദ്ദേശങ്ങൾ നല്കുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരം.—കേന്ദ്രസർക്കാരിന്, ഈ ആക്റ്റ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതിലേക്കായി സംസ്ഥാനസർക്കാരിനോ ബ്യൂറോയ്ക്കോ നിർദ്ദേശം നല്കാവുന്നതാണ്.

56. കേന്ദ്രസർക്കാരിന് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) കേന്ദ്രസർക്കാരിന്, വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേല്പറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ സംഗതികൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(ക) 4-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിന്റെ (ണ)-യും (ത)-യും (ഥ)-യും ഖണ്ഡങ്ങൾ പ്രകാരം കേന്ദ്രസർക്കാരിനാൽ അംഗങ്ങളായി നിയമിക്കപ്പെട്ട ആളുകളുടെ എണ്ണം;

(ഖ) 4-ാം വകുപ്പിലെ (5)-ാം ഉപവകുപ്പുപ്രകാരം അംഗങ്ങൾക്ക് നല്കേണ്ട ഫീസും ബത്തകളും;

(ഗ) 9-ാം വകുപ്പിലെ (4)-ാം ഉപവകുപ്പുപ്രകാരം ബ്യൂറോയുടെ ഡയറക്ടർ-ജനറലിനു നല്കേണ്ട ശമ്പളവും ബത്തകളും അദ്ദേഹത്തിന്റെ മറ്റു സേവന നിബന്ധനകളും വ്യവസ്ഥകളും, സെക്രട്ടറിയുടെ മറ്റു സേവന നിബന്ധനകളും വ്യവസ്ഥകളും;

(ഘ) 10-ാം വകുപ്പിലെ (2)-ാം ഉപവകുപ്പു പ്രകാരം ആഫീസർമാരുടെയും ജീവനക്കാരുടെയും മറ്റു സേവന നിബന്ധനകളും വ്യവസ്ഥകളും;

(ങ) 13-ാം വകുപ്പിലെ (2)-ാം ഉപവകുപ്പ് (പ) ഖണ്ഡപ്രകാരം നിർണ്ണയിക്കുന്ന അങ്ങനെയുള്ള മറ്റു ചുമതലകളുടെ ബ്യൂറോയിലുള്ള നിർവ്വഹണം;

(ച) 14-ാം വകുപ്പിലെ (ഛ) ഖണ്ഡപ്രകാരം നാമനിർദ്ദിഷ്ട ഉപഭോക്താക്കൾക്ക് വേണ്ടതായ ഊർജ്ജ ഉപഭോഗ മാനദണ്ഡങ്ങളും നിലവാരങ്ങളും;

(ഛ) 14-ാം വകുപ്പിലെ (ഛ) ഖണ്ഡത്തിലെ ക്ലിപ്ത നിബന്ധന പ്രകാരം വ്യത്യസ്ത നാമനിർദ്ദിഷ്ട ഉപഭോക്താക്കൾക്ക് വ്യത്യസ്ത മാനദണ്ഡങ്ങളും നിലവാരങ്ങളും നിർദ്ദേശിക്കൽ;

(ജ) 14-ാം വകുപ്പിലെ (ട) ഖണ്ഡപ്രകാരം ഉപയോഗിക്കപ്പെട്ട ഊർജ്ജത്തെയും അംഗീകൃത ഊർജ്ജ ആഡിറ്ററുടെ ശിപാർശയിന്മേൽ എടുത്ത നടപടികളെയും സംബന്ധിച്ചുള്ള വിവരം നല്കേണ്ട ഫാറവും രീതിയും സമയപരിധിയും;

(ഝ) 14-ാം വകുപ്പിലെ (ഠ) ഖണ്ഡപ്രകാരം ഊർജ്ജ ഉപഭോഗത്തിന്റെ സ്ഥിതി ഏതു ഫാറത്തിലും രീതിയിലുമാണ് സമർപ്പിക്കേണ്ടതെന്ന്;

(ഞ) 14-ാം വകുപ്പിലെ (ഡ) ഖണ്ഡപ്രകാരം ഊർജ്ജ മാനേജർമാർക്ക് വേണ്ട കുറഞ്ഞ യോഗ്യത;

(ട) 14-ാം വകുപ്പിലെ (ണ) ഖണ്ഡപ്രകാരം പദ്ധതിയുടെ തയ്യാറാക്കലിനുള്ള ഫാറവും രീതിയും അതിന്റെ നടപ്പാക്കലും;

(ഠ) 14-ാം വകുപ്പിലെ (ത) ഖണ്ഡപ്രകാരം ഊർജ്ജ സംരക്ഷണ കെട്ടിട കോഡുകൾ;

(ഡ) 17-ാം വകുപ്പിലെ (2)-ാം ഉപവകുപ്പുപ്രകാരം പരിശോധന സംബന്ധിച്ച സംഗതികൾ;

(ഢ) 22-ാം വകുപ്പു പ്രകാരം ബ്യൂറോ അതിന്റെ ബജറ്റ് തയ്യാറാക്കുന്നതിനുള്ള ഫാറവും സമയവും;

(ണ) 23-ാം വകുപ്പു പ്രകാരം ബ്യൂറോ അതിന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ഫാറവും സമയവും;

(ത) 25-ാം വകുപ്പു പ്രകാരം ബ്യൂറോയുടെ അക്കൗണ്ടുകൾ സൂക്ഷിക്കുന്നതിനുള്ള ഫാറം;

(ഥ) 27-ാം വകുപ്പിലെ (1)-ാം ഉപവകുപ്പു പ്രകാരം അന്വേഷണ വിചാരണ നടത്തേണ്ട രീതി;

(ദ) 31-ാം വകുപ്പിലെ (2)-ാം ഉപവകുപ്പു പ്രകാരം അപ്പീൽ ഫയൽ ചെയ്യുന്നതിനായുള്ള ഫീസും ഫാറവും;

(ധ) 35-ാം വകുപ്പു പ്രകാരം അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണും അപ്പലേറ്റ് ട്രിബ്യൂണലിന്റെ അംഗങ്ങൾക്കും നല്കേണ്ട ശമ്പളവും ബത്തകളും മറ്റ് സേവന നിബന്ധനകളും വ്യവസ്ഥകളും;

(ന) 39-ാം വകുപ്പിലെ (3)-ാം ഉപവകുപ്പു പ്രകാരം അപ്പലേറ്റ് ട്രിബ്യൂണലിന്റെ ആഫീസർമാരുടെയും മറ്റു ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും;

(പ) 40-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിന്റെ (ഝ) ഖണ്ഡപ്രകാരം ഒരു സിവിൽ കോടതിയെന്ന നിലയിൽ അപ്പലേറ്റ് ട്രിബ്യൂണലിന് അധികാരം വിനിയോഗിക്കാവുന്നതു സംബന്ധിച്ചുള്ള കൂടുതൽ സംഗതികൾ;

(ഫ) ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കാവുന്നതോ അല്ലെങ്കിൽ ഉണ്ടാക്കപ്പെടേണ്ടതോ ഉണ്ടാക്കാവുന്നതോ ആയ മറ്റേതെങ്കിലും സംഗതികൾ.

57. സംസ്ഥാനസർക്കാരിന് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സംസ്ഥാനസർക്കാരിന്, വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും അവ കേന്ദ്രസർക്കാർ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക്, ഏതെങ്കിലും ഉണ്ടെങ്കിൽ, വിരുദ്ധമല്ലാതെയും ആയിരിക്കേണ്ടതാണ്.

(2) പ്രത്യേകിച്ചും, മേല്പറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെ പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ സംഗതികൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 15-ാം വകുപ്പിന്റെ (ക) ഖണ്ഡപ്രകാരം ഊർജ്ജ സംരക്ഷണ കെട്ടിട കോഡുകൾ;

(ഖ) 15-ാം വകുപ്പിന്റെ (ജ) ഖണ്ഡപ്രകാരം ഊർജ്ജ ഉപഭോഗം സംബന്ധിച്ച വിവരം നല്കുന്നതിനായുള്ള ഫാറവും രീതിയും സമയപരിധിയും;

(ഗ) 16-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പു പ്രകാരം നിധിയുടെ ഭരണം നടത്തേണ്ടതായ ആളും അല്ലെങ്കിൽ അധികാരസ്ഥാനവും നിധി ഭരിക്കപ്പെടേണ്ട രീതിയും;

(ഘ) 17-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പു പ്രകാരം പരിശോധനയുടെ ആവശ്യത്തിലേക്കായി ഉൾപ്പെടുത്തേണ്ട സംഗതികൾ;

(ങ) ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കാവുന്നതോ അല്ലെങ്കിൽ ഉണ്ടാക്കപ്പെടേണ്ടതോ ഉണ്ടാക്കാവുന്നതോ ആയ മറ്റേതെങ്കിലും സംഗതികൾ.

58. ബ്യൂറോയ്ക്ക് റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം.—(1) ബ്യൂറോയ്ക്ക്, കേന്ദ്രസർക്കാരിന്റെ മുൻകൂർ അംഗീകാരത്തോടുകൂടിയും മുൻകൂർ പ്രസിദ്ധീകരിക്കണമെന്നുള്ള വ്യവസ്ഥയ്ക്ക് വിധേയമായും, വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കോ വിരുദ്ധമാകാത്ത വിധം, റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേല്പറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള റഗുലേഷനുകളിൽ, താഴെ പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ സംഗതികൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 5-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പു പ്രകാരം ഭരണ സമിതിയുടെ യോഗങ്ങളുടെ സമയങ്ങളും സ്ഥലങ്ങളും അങ്ങനെയുള്ള യോഗങ്ങളിൽ അനുവർത്തിക്കേണ്ട നടപടിക്രമവും;

(ഖ) 8-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പു പ്രകാരം രൂപീകരിച്ചിട്ടുള്ള ഉപദേശക സമിതിയിലെ അംഗങ്ങൾ;

(ഗ) 9-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പു പ്രകാരം ബ്യൂറോയുടെ ഡയറക്ടർ-ജനറലിന് നിയോഗിക്കാവുന്നതും നിർവ്വചിക്കാവുന്നതുമായ അധികാരങ്ങളും കർത്തവ്യങ്ങളും;

(ഘ) 13-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ (ഢ) ഖണ്ഡപ്രകാരം ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗവും അതിന്റെ സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നല്കുന്ന സേവനത്തിന് ഫീസ് ചുമത്തൽ;

(ങ) 13-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ (ണ) ഖണ്ഡപ്രകാരം അംഗീകൃത ഊർജ്ജ ആഡിറ്റർമാരുടെ ലിസ്റ്റ്;

(ച) 13-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ (ത) ഖണ്ഡപ്രകാരം അംഗീകൃത ഊർജ്ജ ആഡിറ്റർമാർക്കുവേണ്ട യോഗ്യതകൾ;

(ഛ) 13-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ (ഥ) ഖണ്ഡപ്രകാരം അംഗീകൃത ഊർജ്ജ ആഡിറ്റ് നടത്തേണ്ട രീതിയും ഇടവേളകളും;

(ജ) 13-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ (ദ) ഖണ്ഡപ്രകാരം ഊർജ്ജ മാനേജർമാർക്ക് വേണ്ടതായ സാക്ഷ്യപ്പെടുത്തൽ നടപടിക്രമം;

(ഝ) 14-ാം വകുപ്പിന്റെ (ഘ) ഖണ്ഡപ്രകാരം ലേബലിൽ പ്രദർശിപ്പിക്കാൻ ആവശ്യമായ വിവരങ്ങളും അവയുടെ പ്രദർശനരീതിയും;

(ഞ) 14-ാം വകുപ്പിന്റെ (ജ) ഖണ്ഡമോ (ധ) ഖണ്ഡമോ പ്രകാരം അംഗീകൃത ഊർജ്ജ ആഡിറ്റ് നടത്തുന്നതിനുള്ള രീതിയും ഇടവേളകളും;

(ട) 15-ാം വകുപ്പിന്റെ (ഗ) ഖണ്ഡപ്രകാരം ഒരു അംഗീകൃത ഊർജ്ജ ആഡിറ്റർ, ഊർജ്ജ ആഡിറ്റ് നടത്തേണ്ട രീതിയും ഇടവേളകളും;

(ഠ) നിർദ്ദേശിക്കേണ്ടതോ അല്ലെങ്കിൽ നിർദ്ദേശിക്കാവുന്നതോ ആവശ്യമായിട്ടുള്ള മറ്റേതെങ്കിലും സംഗതി.

59. <u>ചട്ടങ്ങളും റഗുലേഷനുകളും പാർലമെന്റിന്റെയും സംസ്ഥാന നിയമസഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണെന്ന്.</u>—(1) ഈ ആക്റ്റിൻകീഴിൽ കേന്ദ്രസർക്കാർ ഉണ്ടാക്കിയ ഓരോ ചട്ടവും ഓരോ റഗുലേഷനും അത് ഉണ്ടാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിൽ ഇരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്കു വയ്ക്കേണ്ടതും മുൻ പറഞ്ഞ സമ്മേളനമോ തുടർച്ചയായുള്ള സമ്മേളനങ്ങളോ കഴിഞ്ഞ് തൊട്ടു പിന്നാലെ വരുന്ന സമ്മേളനം അവസാനിപ്പിക്കുന്നതിന് മുമ്പ്, ഇരു സഭകളും, ആ ചട്ടത്തിലോ റഗുലേഷനിലോ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരു സഭകളും ആ ചട്ടമോ റഗുലേഷനോ ഉണ്ടാക്കരുതെന്ന തിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ അതിനുശേഷം ആ ചട്ടത്തിനോ റഗുലേഷനോ, അതത് സംഗതി പോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിനോ റഗുലേഷനോ കീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള ഏതിന്റെയെങ്കിലും സാധുതയ്ക്കു ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

(2) സംസ്ഥാനസർക്കാർ ഉണ്ടാക്കിയ ഓരോ ചട്ടവും, അത് ഉണ്ടാക്കിയശേഷം, ആകുന്നത്ര വേഗത്തിൽ, രണ്ടു സഭകൾ ഉള്ള സംസ്ഥാനത്തെ നിയമസഭയുടെ ഓരോ സഭയുടെയും മുമ്പാകെയും, അല്ലെങ്കിൽ ഒരു സഭ മാത്രമുള്ള നിയമസഭയിലെ ആ സഭയുടെ മുമ്പാകെയും വയ്ക്കേണ്ടതാണ്.

60. <u>മറ്റു നിയമങ്ങളുടെ ബാധകതയ്ക്ക് തടസ്സമില്ലെന്ന്.</u>—ഈ ആക്റ്റിലെ വ്യവസ്ഥകൾ, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമേയും അവയ്ക്ക് ന്യൂനത വരാത്ത വിധത്തിലായിരിക്കേണ്ടതുമാണ്.

61. ആക്റ്റിലെ വ്യവസ്ഥകൾ ചില സംഗതികളിൽ ബാധകമാകുന്നതല്ലെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ, പ്രതിരോധം, ആണവോർജ്ജം എന്നിവ കൈകാര്യം ചെയ്യുന്ന കേന്ദ്രസർക്കാരിന്റെ മന്ത്രാലയത്തിനോ അല്ലെങ്കിൽ വകുപ്പിനോ അല്ലെങ്കിൽ കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തപ്രകാരമുള്ള മറ്റ് മന്ത്രാലയങ്ങൾക്കോ വകുപ്പുകൾക്കോ അല്ലെങ്കിൽ അങ്ങനെയുള്ള മന്ത്രാലയങ്ങളുടെയോ വകുപ്പുകളുടെയോ നിയന്ത്രണത്തിൻകീഴിലുള്ള സംരംഭങ്ങൾക്കോ ബോർഡുകൾക്കോ സ്ഥാപനങ്ങൾക്കോ ബാധകമാകുന്നതല്ല.

62. വിഷമതകൾ നീക്കാനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ കൊണ്ടു വരുന്നതിന് എന്തെങ്കിലും വിഷമത ഉണ്ടാകുന്നപക്ഷം, കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുവഴി, ആ വിഷമത നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് തോന്നുന്ന, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം, ഈ വകുപ്പിൻ കീഴിൽ യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഓരോ ഉത്തരവും അതുണ്ടാക്കിയതിനുശേഷം, എത്രയും വേഗം പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

## പട്ടിക

[2 (ധ) വകുപ്പ് കാണുക]

നാമനിർദ്ദിഷ്ട ഉപഭോക്താക്കളായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അധികം ഊർജ്ജം ആവശ്യമായ വ്യവസായങ്ങളുടെയും മറ്റ് സ്ഥാപനങ്ങളുടെയും ലിസ്റ്റ്.

1. അലുമിനിയം;
2. വളങ്ങൾ;
3. ഇരുമ്പും ഉരുക്കും;
4. സിമന്റ്;
5. പൾപ്പും കടലാസ്സും;
6. ക്ളോർ ആൽക്കലി;
7. പഞ്ചസാര;
8. തുണി;
9. രാസവസ്തുക്കൾ;
10. റയിൽവേ;
11. തുറമുഖ ട്രസ്റ്റ്;
12. ഗതാഗത മേഖല (വ്യവസായങ്ങളും സേവനങ്ങളും);
13. പെട്രോകെമിക്കൽ, ഗ്യാസ് ക്രാക്കേർസ്, നാഫ്ത ക്രാക്കേർസ്, എണ്ണ ശുദ്ധീകരണ ശാലകൾ;
14. താപവൈദ്യുതി നിലയങ്ങൾ, ജലവൈദ്യുതി നിലയങ്ങൾ, വൈദ്യുതി പ്രസരണ കമ്പനികളും വിതരണ കമ്പനികളും;
15. വാണിജ്യ കെട്ടിടങ്ങൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ.

# The Energy Conservation Act, 2001

## (Act No. 52 of 2001)

## ഊർജ്ജ സംരക്ഷണ ആക്റ്റ്, 2001

## (2001-ലെ 52-ാം നമ്പർ ആക്റ്റ്)

### Glossary

| | | | | |
|---|---|---|---|---|
| 1. Accredited energy auditor | - | അംഗീകൃത ഊർജ്ജ ആഡിറ്റർ | - | S.2(a) |
| 2. Adjudge | - | വിധി കല്പിക്കുക | - | S.27(1) |
| 3. Adjudicating Officer | - | ന്യായനിർണ്ണയ ആഫീസർ | - | S.27(1) |
| 4. Advisory Committee | - | ഉപദേശക സമിതി | - | S.8 (1)&(2) |
| 5. Autonomous body | - | സ്വയംഭരണ സ്ഥാപനം | - | S.13(2) (s) |
| 6. Bureau of Energy Efficiency | - | ഊർജ്ജ കാര്യക്ഷമതാ ബ്യൂറോ | - | S.53(Second proviso) |
| 7. Check | - | ഒത്തുനോക്കുക | - | S.17(2)(B)(ii) |
| 8. Consultancy services | - | കൂടിയാലോചനാ സേവനങ്ങൾ | - | S.13(2)(g) |
| 9. Cost-benefit | - | ഏറ്റവും കുറഞ്ഞ ചെലവിൽ ഏറ്റവും കൂടുതൽ നേട്ടമുണ്ടാക്കുക | - | S.2 (i) |
| 10. Curriculum | - | പാഠ്യ പദ്ധതി | - | S.13 (2) (s) |
| 11. Demonstration project | - | നിദർശന പദ്ധതി | - | S.13 (2) (j) |
| 12. Designated Agency | - | നാമനിർദ്ദിഷ്ട ഏജൻസി | - | S.2 (f) |
| 13. Disproportionate gain | - | പൊരുത്തപ്പെടാത്ത ലാഭം | - | S.28(a) |
| 14. Energy Efficiency Project | - | കാര്യക്ഷമമായ ഊർജ്ജ പദ്ധതി | - | S.13 (2) (l) |
| 15. Energy Intensive Industry | - | അധികം ഊർജ്ജം ആവശ്യമായ വ്യവസായം | - | S.14(f) |
| 16. Erection | - | എടുപ്പ് | - | S.2(c) |
| 17. Establish | - | ഉറപ്പിക്കുക | - | S.14(g) |
| 18. Governing Council | - | ഭരണസമിതി | - | S.2(e)&(n) |
| 19. Inspecting Officer | - | പരിശോധനാ ആഫീസർ | - | S.17(1) |
| 20. Inventory | - | വിവരപ്പട്ടിക | - | S.17(2)(B)(ii) |
| 21. Norms | - | മാനദണ്ഡങ്ങൾ | - | S.2 (j) |
| 22. Pilot project | - | പരീക്ഷണ പദ്ധതി | - | S.13(2) (j) |
| 23. Quantum of penalty | - | പിഴത്തുക | - | S.28 |
| 24. Renewable source of energy | - | ആവർത്തക ഊർജ്ജസ്രോതസ്സ് | - | S.2 (h) |
| 25. Standard | - | നിലവാരം | - | S.2 (j) |
| 26. Standardisation | - | ക്രമീകരണം | - | S.9(1) |
| 27. Structure | - | നിർമ്മിതി | - | S.2(c) |
| 28. Supersede | - | അസ്ഥിരപ്പെടുത്തുക | - | S.47 |
| 29. Syllabus | - | പാഠ്യക്രമം | - | S.13 (2)(s) |
| 30. Terminal Benefit | - | സേവനാന്ത്യ ആനുകൂല്യം | - | S.12 (1)(g) |
| 31. Unfair Advantage | - | അന്യായനേട്ടം | - | S.28 (a) |